


LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2016 സെപ്ററംബർ വാല്യം 1 ലക്കം 9

## Christian Apologetics

Part IV

## ക്രിസ്തീയ ന്യായവാദശാസ്ത്രം


**"Casting down imaginations, and every high thing that exalteth itself against the knowledge of God and bringing into captivity every thought to the obedience of Christ."**

**2 Cor . 10 : 5**




## ആത്മാവായ സാരാംശം

എന്താണ് ദൈവത്തിന്റെ സാരാംശം ? ദൈവം ആത്മാവാണ് എന്നതാണ് ദൈവത്തിന്റെ സാരാംശം. സർവ്വശക്തനും, സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമായ ദൈവം ആത്മാവാണെന്ന തിരിച്ചറിവാണ് ബൈബിൾ നമുക്ക് നൽകുന്ന ഏറ്റവും വലിയ അറിവ്. അനേകമനേകം സിദ്ധാന്തങ്ങൾ ഉള്ളിൽ സൂക്ഷിക്കുന്നവരും, പല തരത്തിലുള്ള പ്രതിമകളെയും ബഹുവിധത്തിലുള്ള ആരാധനാ ശൈലികളെയും ഇഷ്ടപ്പെടുന്നവരുമായ ജനകോടികളോട് ദൈവം ആത്മാവാണെന്ന് പറയുമ്പോൾ അവർ അതിനെ പെട്ടെന്നൊന്നും സ്വീകരിച്ചെന്നിരിക്കില്ല. ആരും ഒരിക്കലും ഈ ബൈബിൾ സത്യത്തെ സ്വീകരിച്ചില്ലെങ്കിലും അതൊരു സത്യമാണ്, ദൈവം ആത്മാവാണ്. "ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം'' (യോഹ.4:24). ''കർത്താവ്, ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം ഉണ്ട്" (2 കൊരി.3:17).




സകലത്തിന്റെയും സ്രഷ്ടാവ് ഒരു പദാർത്ഥമോ, ഒരു വ്യക്തിയോ, ഒരു മഹാരാജാവിനെപ്പോലെ പ്രബലനോ, ആയിരിക്കണ്ടേ എന്ന ചോദ്യമൊക്കെ ജ്ഞാനവാദികളോ യുക്തിവാദികളോ തത്വജ്ഞാനികളോ ദൈവവിശ്വാസമില്ലാത്തവരോ ചോദിച്ചേക്കാം. ആത്മാവായ ദൈവത്തിന്റെ വ്യവസ്ഥ, താൻ ആത്മാവുതന്നെയാണ് എന്ന കാര്യത്തിൽ മാറ്റമില്ലാത്തതുകൊണ്ട്, ചോദ്യങ്ങൾ അവസാനിപ്പിച്ച് പ്രാർത്ഥനയോടെ ആത്മാവായ ദൈവത്തോട് സഹകരിക്കുക എന്നുള്ളതാണ്.

ബൈബിളിലൂടെ സത്യം അറിയുകയും സത്യം ഉപദേശിക്കുകയുമാണ് നാം ചെയ്യേണ്ടത്. എന്നാൽ ചിലർ തെറ്റ് സ്വീകരിച്ച് തെറ്റ് ഉപദേശിക്കുന്നു. ക്രിസ്തീയാദ്ധ്യാത്മികത എന്നത് വിശ്വാസത്താൽ നിറഞ്ഞ് ആത്മാവിൽ വളരുന്നതാണ്. യുക്തിക്കോ വിദ്യാഭ്യാസസാമർത്ഥ്യങ്ങൾക്കോ ഭഗവത്ഗീത, ഖുറാൻ, കുർബ്ബാനപുസ്തകം പോലെയുള്ള ഏതെങ്കിലും ധർമ്മരക്ഷോപായങ്ങൾക്കോ ജപമാലചൊല്ലൽ, കുർബ്ബാനചൊല്ലൽ, മലകയറ്റമിറക്കം, തീർത്ഥയാത്രകൾ, മരണാന്തരകർമ്മങ്ങൾ, ആദ്യകുർബ്ബാനകൾ, കുട്ടികളുടെ സ്നാനം, വീടിന്റെ കട്ട്ള വെയ്ക്കൽ - ഗൃഹപ്രവേശം ഏതെങ്കിലും മതങ്ങളിലെ പൂജാരിമാരെ വീട്ടിൽ വിളിച്ചുകയറ്റി പ്രാർത്ഥിക്കൽ, പള്ളിയമ്പലങ്ങളിലെ വിഗ്രഹങ്ങളെ മനുഷ്യരുടെ കൈകൊണ്ടോ ആനപ്പുറത്തെഴുന്നള്ളിപ്പിച്ചോ കൊണ്ടുവന്ന് വണക്കങ്ങൾ നടത്തുന്നതിനോ അവയ്ക്കൊന്നിനും വിശ്വാസത്താൽ നിറഞ്ഞ് ആത്മാവിൽ വചനാനുസൃതമായി വളരുന്നതുമായി യാതൊരു ബന്ധവും ഇല്ല. ആത്മാവായ ദൈവത്തെ ഹൃദയത്തിൽ സ്വീകരിക്കുക




എന്നതു മാത്രമാണ് ക്രൈസ്തവാദ്ധ്യാത്മികത. ഈ യഥാർത്ഥ ക്രൈസ്തവാദ്ധ്യാത്മികതയെ ചിലർ ''പെന്തക്കോസ്ത്'', എന്നോ "ബ്രദറൻ" എന്നോ ഒക്കെ പേർ വിളിച്ചെന്നിരിക്കും.

തർക്കങ്ങൾക്ക് മാത്രം ഉതകുന്ന കെട്ടുകഥകളെ ചിലർ പ്രോത്സാഹിപ്പിക്കും. അന്തമില്ലാത്ത വംശാവലികളെ ചിലർ ഗൗരവമായി ഉയർത്തും. ബൈബിൾ രചയിതാക്കളിൽ ഏറ്റവും ശക്തനായ പ്രവാചകനും അപ്പൊസ്തലനുമായ പൗലൊസ് പരിശുദ്ധാത്മാവിൽ നിറഞ്ഞെഴുതിയത് ഉദ്ധരിക്കാം. "അന്യഥാ ഉപദേശിക്കരുതെന്നും, വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല, തർക്കങ്ങൾക്ക് മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോട് ആജ്ഞാപിക്കേണ്ടതിന്, നീ എഫേസോസിൽ താമസിക്കേണം എന്ന്, ഞാൻ മെക്കദോന്യക്ക് പോകുമ്പോൾ അപേക്ഷിച്ചതുപോലെ ഇപ്പോഴും ചെയ്യുന്നു" (1 തിമൊ.1.3:7).

'പിശാച്', തനിക്ക് അല്പകാലമേയുള്ളുവെന്നറിഞ്ഞ് (വെളി.12:12) അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞ് ചുറ്റി നടന്നുകൊണ്ട്(1 പത്രൊ.5:8) മതവിശ്വാസികളിൽ ഭക്താഗ്രേസരന്മാരെയും ദൈവമക്കളിൽ ലീഡേഴ്സിനെയും ബൈബിൾസഹിത ചിന്തകൾ എന്ന വ്യാജേന ബൈബിൾ വിരുദ്ധ ചിന്തകളെയും അബദ്ധ 'തിയോളജി'കളെയും പഠിപ്പിച്ച എല്ലാവരെയും തകർത്തുകൊണ്ടിരിക്കുകയാണ്. പിശാചാകട്ടെ പലരോടും **ന്യായപ്രമാണത്തെ** മുറുകെപ്പിടിക്കുക എന്നുപദേശിച്ചുകൊടുത്തു. അതുകൊണ്ട് യേശുക്രിസ്തുവിനും പരിശുദ്ധാത്മാവിനും അർഹിക്കുന്ന പ്രാധാന്യകൂടുതൽ കൊടുക്കാതെ യഹോവസാക്ഷികളും റ്റി.പി.യം കാരും ഇവരുടെ അത്രയുംതന്നെ വരികയില്ലെങ്കിലും യാഥാസ്ഥിതിക പെന്തക്കോസ്ത് ''കടുംപിടുത്തക്കാരും'', പുതിയനിയമത്തെ സ്നാനശുശ്രൂഷയ്ക്കും, കർത്തൃമേശയ്ക്കും, രക്തത്താൽ ജയം തുടങ്ങിയ പ്രാർത്ഥനകൾക്കും ഒക്കെ മാത്രം ഉപയോഗിച്ചുകൊണ്ട്, വിവാഹവർജ്ജനം, ആഭരണവർജ്ജനം, അമിതമായ സങ്കീർത്തനാവർത്തനോപയോഗം, സ്വസമൂഹത്തിൽ താഴ്ന്നു നിൽക്കുന്നവരോടൊഴികെ മറ്റെല്ലാവരോടും ഇതരസമൂഹങ്ങളോടും 'വല്യേട്ടൻ മനോഭാവവും' കാണിച്ച് മാനസാന്തരം അകത്തില്ലാതെ, സ്വർഗ്ഗം കിട്ടുന്നവർ തങ്ങൾ മാത്രമെന്ന് തെറ്റായി ഭാവിക്കുന്നു. നാമൊരിക്കലും ന്യായപ്രമാണത്തെ മുറുകെപ്പിടിക്കാൻ പാടില്ല. ''ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു'' (ഗലാ.3:10) എന്ന ദൈവവചനവും ''ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല" (ഗലാ.3:11) എന്ന ദൈവവചനവും "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ല" (ഗലാ2:16) എന്ന താക്കീത്

# CONTENTS

ക്രിസ്തീയ ന്യായവാദ ശാസ്ത്രം....................2-15
ഡോക്ടർക്ക് സാധിക്കാത്തത് ദൈവത്താൽ സാധ്യം....................07
അനുഗ്രഹപ്പെരുമഴ....................11
ദൈവം തന്റെ ദാസൻമാർക്ക്
എല്ലാം വെളിപ്പെടുത്തിക്കൊടുക്കുന്നു....................13
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും....................16-20
ടി.ബി രോഗം സുഖപ്പെട്ടു....................21
ക്രിസ്തീയ ന്യായവാദ ശാസ്ത്രം....................22-33
കർത്താവിന്റെ കരസ്പർശം....................23
വാർത്തകൾ....................34
പ്രോഗ്രാം കലണ്ടർ....................35

# Christian Apologetics ക്രിസ്തീയ ന്യായവാദശാസ്ത്രം

## Part 4

വചനവും ഒക്കെ ഗലാതൃസഭയോട് മാത്രമല്ല, നാമോരോരുത്തരോടുമാണ് പറഞ്ഞിട്ടുള്ളത്.അതുകൊണ്ട് ന്യായപ്രമാണത്തെ ഉപേക്ഷിക്കേണ്ടതില്ലെങ്കിലും“ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതുണ്ട്'' (പുതിയനിയമ പഠനം) (ഗലാ.2:16 b)

ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയത്തിലെഴുതും (അടിസ്ഥാന മാനസാന്തരവും ഹൃദയവിശുദ്ധിയും). ഞാൻ പുതിയൊരു നിയമം അവർക്കു നൽകും (യിര.31:31,33). പുതിയനിയമമാണ് യഹോവ ക്രിസ്തുവഴി സഭയ്ക്കായി നൽകിയിരിക്കുന്നത്. അതിന്റെ കാതലോ “കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ'' (മർക്കോ.1:15). മാനസാന്തരപ്പെടാതെ, ഭയത്തോടും വിറയലോടുംകൂടെ ഫരിസേയമനോഭാവത്തോടുകൂടി ഓരോന്നും ചെയ്യുകയായിരുന്നു പലരും. “വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കാതെ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല” (യോഹ.3:5). നേരത്തെ പറഞ്ഞ കൂട്ടർ മാത്രമല്ല ജനകോടികളും ഒരു വീണ്ടുംജനനാനുഭവമില്ലാതെ, പഴയ കോപതാപനീരസങ്ങളിൽ തുടരുന്നുവെന്നതാണ് യാഥാർത്ഥ്യം. സ്വയം ദൈവവചനമനുസരിച്ച് ജീവിക്കുകയാണത്യാവശ്യം. പാട്ടിലോ പ്രാർത്ഥനയിലോ പ്രസംഗത്തിലോ എഴുത്തിലോ, അല്ല, ജീവിതത്തിലാണ് മാനസാന്തരവും, വീണ്ടുംജനനാനുഭവവും വേണ്ടത്. അന്യഭാഷയാവർത്തിച്ചുചൊല്ലാം. ദൈവദർശനങ്ങൾ കണ്ടെങ്കിൽ പറയാം. രോഗികളെ കർത്താവു സുഖപ്പെടുത്തി എന്നറിഞ്ഞാൽ പറയാം. പക്ഷെ സകലത്തിലും വലുത് മാനസാന്തരത്തിന്റെയും വീണ്ടുംജനനത്തിന്റെയും വിശ്വാസവിശുദ്ധിയുടെയും ഉപദേശമാണ്; അവയുള്ള ജീവിതവുമാണ്.

ആത്മാവായ ദൈവം ആത്മാവായാണ് നമ്മിലേക്ക് പകരപ്പെടുക. അപ്പമായോ രക്തമായോ മാലയായോ കളഭമായോ അല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവം, പരിശുദ്ധാത്മാവായാണ് നമ്മിലേക്ക് പകർന്നു പകർന്നു തരിക. ദൈവത്തിന്റെ വ്യവസ്ഥ തന്നെ, തന്നെത്തന്നെ മുഴുവനായി നമ്മിലേക്ക് പകർന്നു തരിക എന്നതാണ്.

നാം പ്രപഞ്ചത്തിൽ കാണുന്ന സസ്യലതാദികളുടെ വിത്തുകളിലൂടെ പുതിയവ ജനിക്കുന്നത് അവ അവയെത്തന്നെ പകർന്നു നല്കുന്ന പ്രക്രിയയാണ് ക്രിത്രിമച്ചെടികൾ പ്രകൃതിസിദ്ധമല്ല, മനുഷ്യൻ ക്രിത്രിമത്വം ചെയ്യുന്നതാണ്. ജന്തുവർഗ്ഗങ്ങൾ ജന്തുവർഗ്ഗങ്ങൾക്ക് ജന്മം കൊടുക്കുമ്പോൾ സിംഹത്തിന്റെ കുഞ്ഞുങ്ങളിലേക്ക് സിംഹപിതാവും സിംഹമാതാവും അവരെത്തന്നെയാണ് പകർന്നു നൽകുക. മനുഷ്യകുടുംബത്തിലെ ശിശുക്കളിലേക്കും മാതാപിതാക്കന്മാർ അവരെത്തന്നെയാണ് പകർന്നു നല്കുക. ഇതാണ് പ്രകൃതിയുടെ വ്യവസ്ഥ. ദൈവത്തിന്റെ വ്യവസ്ഥയും വ്യത്യസ്തമല്ല. ദൈവത്തിന് ദൈവത്തെ പകർന്നു നൽകണം. പക്ഷേ, ദൈവത്തിന്റെ പ്രശ്നമിതാണ്, അവൻ വിശുദ്ധനാണ്, സർവ്വജ്ഞാനിയും സർവ്വശക്തനുമായ ''സ്നേഹം'' മാത്രമാണ്. അവൻ ഏകനാണങ്കിലും ത്രീയേകനാണ്. അപ്പോൾ അശുദ്ധിയും പാപവും ലോകമയത്വവുമുള്ള മനുഷ്യനിലേക്ക് തന്നെ പകർന്നു കൊടുക്കുവാൻ കഴിയുകയില്ലല്ലോ. “നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക” എന്നാണല്ലോ ഉല്പത്തി. 1:26. നാം നമ്മുടെ എന്നീ ബഹുവചനപദങ്ങൾ ത്രീയേകദൈവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ത്രീയേകദൈവം ആദത്തെ സൃഷ്ടിച്ചത് തന്റെ രൂപത്തിലും സാദൃശ്യത്തിലുമാണ്. ലക്ഷ്യം ആദാമിലേക്കും ഹവ്വയിലേക്കും തന്നെത്തന്നെ പകർന്ന് കൊടുത്ത് അവരുടെ ശരീരമാകുന്ന ആലയത്തിലെ അതിവിശുദ്ധസ്ഥലമാകേണ്ട ആത്മാവിൽ വസിച്ചുകൊണ്ട്, ആത്മാവിലും സത്യത്തിലുമുള്ള അവരുടെ ആരാധന സ്വീകരിച്ചുകൊണ്ട് മഹത്വം സ്വീകരിക്കുക എന്നതായിരുന്നു. കുശാഗ്രബുദ്ധിയായ സാത്താന്റെ ലക്ഷ്യം എന്നും ദൈവത്തിനെതിരാണ്. ദൈവത്തെ തകർക്കുവാൻ എളുപ്പമല്ലാത്ത സ്ഥിതിക്ക് ദൈവം തന്നെത്തന്നെ പകർന്നു കൊടുക്കുവാനിരിക്കുന്ന, ദൈവപൈതലാക്കാനിരിക്കുന്ന, ദൈവത്തിന് വസിക്കാൻ ഇഷ്ടമുള്ള ആലയമാക്കാനിരിക്കുന്ന മനുഷ്യനെ തകർക്കുക എന്ന ലക്ഷ്യത്തോടെ ആ




പ്രബലശക്തിയായ സാത്താൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഒരവസ്ഥ നോക്കണേ, ഒരു വശത്ത് പാപബന്ധനങ്ങൾ, മറുവശത്ത് സാത്താൻ ഉണ്ടാക്കുന്ന ബന്ധനങ്ങൾ ഒരു വലിയ യുദ്ധക്കളത്തിൽ പാവം മനുഷ്യൻ. ആത്മീയപോരാട്ടത്തിന്റെ ഈ യുദ്ധക്കളത്തിൽ അവനെ സഹായിക്കുവാൻ, അവന്റെ പരാജയങ്ങളെ വിജയങ്ങളാക്കുവാൻ, കുരിശുമരണത്തിലൂടെ, തന്നെ വിശ്വസിക്കുന്ന സകലരുടെയും പാപ പൈശാചികബന്ധനങ്ങളെ മുഴുവൻ അഴിച്ചുകളഞ്ഞ സാക്ഷാൽ ദൈവപുത്രനും, മനുഷ്യപുത്രനും, ദൈവവുമായ യേശുക്രിസ്തു ഉള്ളപ്പോൾ നാം എന്തിനു ഭയപ്പെടണം? ക്രിസ്തുവിന്റെ അതുല്യമായ നിത്യസ്നേഹം ആസ്വദിച്ചുകൊണ്ട് ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും നമ്മിൽ പകരുവാൻ ത്രീയേകദൈവത്തിന്, ആത്മാവായ ദൈവത്തിനിഷ്ടമാണ്. അതാണ് ദൈവവ്യവസ്ഥ. യേശുവിനെ അനുഗമിച്ചുകൊണ്ട് മാത്രമേ ആ വലിയ യുദ്ധത്തിൽ നമുക്ക് വിജയം വരിക്കുവാനൊക്കുകയുള്ളു.

യഹൂദമതവാദികളുടെ ആചാരാനുഷ്ഠാനങ്ങളും ആരാധനാരീതികളും ആദിമസഭയിൽ പ്രബലമായിരുന്നതുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുക എന്ന ദൈവവ്യവസ്ഥയിൽ പിടിച്ചു നിൽക്കുവാൻ ക്രിസ്ത്യാനികൾക്ക് അന്ന് വേണ്ടത്ര കഴിഞ്ഞില്ല. മാത്രമല്ല, ജ്ഞാനവാദികളായ തത്ത്വജ്ഞാനികളും സാക്ഷാൽ ക്രിസ്തീയാദ്ധ്യാത്മികതയ്ക്കെതിരെ അവരുടെ തെറ്റായ പഠനങ്ങളുടെ ആഗ്നേയാസ്ത്രങ്ങൾ അയച്ചുകൊണ്ടിരുന്നു. ഈ ബഹുവിധ ആക്രമണങ്ങൾ തേൻകട്ടയിൽ പൊതിഞ്ഞ വിഷം പോലെ മരിയഭക്തി, പരുമല ഭക്തി, മെല്ക്കീസേദക്കിന്റെ ക്രമപ്രകാരം ക്രിസ്തുവിലേക്ക് വന്നു നിൽക്കുന്ന, ഒരിക്കലും കൈമാറ്റം ചെയ്യപ്പെടാനാകാത്ത പൗരോഹിത്യത്തെ, കണ്ണടച്ചിരുട്ടാക്കിച്ചുക്കൊണ്ട് വർണ്ണപ്പൊലിമയോടെ നില്ക്കുന്ന ലേവ്യാപൗരോഹിത്യത്തെ ഉയർത്തിപ്പിടിച്ച് ജനസാമാന്യത്തെ ദുരുപദേശങ്ങളാൽ കശക്കിക്കൊണ്ടിരിക്കുകയാണ്. യുദ്ധക്കളം തന്നെ യുദ്ധക്കളം!

ദൈവവും ക്രിസ്തുവും പരിശുദ്ധാത്മാവും മൂന്ന് ആളത്തങ്ങളിൽ ആവിഷ്ക്കരിക്കപ്പെടുന്ന ഏകദൈവമാണ്. മൂന്ന് പ്രബല പച്ചമരുന്നുകൾ ചേർത്ത് ഒരു കഷായമോ കുഴമ്പോ ഉണ്ടാക്കുന്നതുപോലെയുള്ള ഒരു സംയുക്തകമാണ് ത്രീയേകദൈവം എന്ന് ഉപമാലങ്കാരത്തിൽ പറയാം. ആ സംയുക്തകത്തിൽ നിന്നും ഏതെങ്കിലും ഒന്നിനെ വേർതിരിക്കുവാൻ കഴിയുകയില്ല. എന്നാൽ അവ മൂന്നിനും അവയുടേതായ പങ്കാളിത്തവും വ്യക്തിത്വവും ഉണ്ടുതാനും.

**I ദൈവം - പിതാവ്**

1 തിമൊ.6:16-ൽ പിതാവിനെപ്പറ്റി അതിമനോഹരമായി പൗലൊസപ്പൊസ്തലൻ എഴുതുന്നു. ''ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, മനുഷ്യരാരും കാണാത്തവനും കാണ്മാൻ കഴിയാത്തവനും'' എന്ന്. ഉല്പത്തി പുസ്തകം 2:4-ൽ ദൈവത്തെ ''യഹോവയായ ദൈവം'' എന്ന് പ്രത്യേകമായി വിളിക്കുന്നു. നിത്യനായ സ്രഷ്ടാവ് എന്നാണ് യഹോവ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. സങ്കീ.90:2-ൽ യഹോവ അനാദിയായും ശാശ്വതമായും ദൈവമാകുന്നു എന്ന് എഴുതിയിരിക്കുന്നു. ഒന്നും ഇവിടെ ഇല്ലാതിരുന്നപ്പോൾ ദൈവം ഇവിടെ ഉണ്ടായിരുന്നു. എല്ലാം ഉണ്ടായത് ദൈവം മുഖാന്തരമാണ്. ഇയ്യോബ് 38-ൽ 6 മുതലുള്ള വചനങ്ങളിൽ എല്ലാത്തിന്റെയും സ്രഷ്ടാവ് താനാണെന്ന് ദൈവം പറയുന്നു. 7-ാം വാക്യം ഉദ്ധരിക്കട്ടെ. ആ ചന്ദ്രതാരം നക്ഷത്രങ്ങളുടെയും "അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു? അല്ല, അതിന്റെ മൂലക്കല്ല് ഇട്ടവൻ ആർ"? എന്ന് ചോദിച്ചിരിക്കുന്നു. നിത്യനായ ദൈവം എന്ന അർത്ഥത്തിൽ എബ്രായ ബൈബിളിൽ എലോഹിം എന്ന പദം ഉപയോഗിക്കുന്നു. ഉല്പ.19:2-ൽ യഹോവ - അഡോനായി (എബ്രായപദം) എന്നു കൊടുത്തിരിക്കുന്നതിന്റെ അർത്ഥം കർത്താവായ യഹോവ എന്നാണ്. ഉല്പ.17:1-ൽ എൽ-ഷദ്ദായി (എബ്രായപദം) സർവ്വശക്തനായ ദൈവം എന്ന് കൊടുത്തിരിക്കുന്നു. ഉല്പ.16:13-ൽ എൽ-റോയി = എന്നെ കാണുന്ന ദൈവം എന്ന് പറഞ്ഞിരിക്കുന്നു. ഉല്പ.14:19-ൽ ഏൽ ഏല്യോൻ = അത്യുന്നതനായ ദൈവം എന്നും ഉല്പ.21:33-ൽ

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 4

ഏൽ-ഒലാം = നിത്യനായ ദൈവം എന്നും പറഞ്ഞിരിക്കുന്നു. ഉല്പ.22:8-ൽ യഹോവ യിരെ (യഹോവ കരുതിക്കൊള്ളും). പുറ.17:15-ൽ യഹോവ-നിസ്സി (യഹോവ എന്റെ ജയക്കൊടി) പുറ.15:26-ൽ യഹോവ-റാഫാ (യഹോവ സൗഖ്യമാക്കുന്നവൻ) എന്നും യെഹസ്ക്കേൽ 48:35-ൽ യഹോവ-ശമ്മ (യഹോവ സമീപസ്ഥൻ) എന്നും സ്ഥാനപ്പേര് നൽകിയിരിക്കുന്നു. ന്യായാധിപന്മാർ 6:24-ൽ യഹോവ - ശാലോം (സമാധാനം) എന്നും സങ്കീ.21:1-ൽ യഹോവ - റാഹ് (ഇടയൻ)എന്നും യെശയ്യാവ് 58:11-ൽ യഹോവ- നാഖാ (നിന്നെ നടത്തുന്നു) എന്നും പറഞ്ഞിരിക്കുന്നു.

6500-ലധികം തവണ യഹോവ എന്ന പദം പഴയനിയമത്തിൽ ആവർത്തിച്ചിരിക്കുന്നു. മോശെയ്ക്കും മോശെ വഴി യിസ്രായേൽ ജനതയ്ക്കും വെളിപ്പെടുത്തിയ അപൂർവ്വ നാമമാണ് യഹോവ. ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്നാണ് യഹോവ എന്ന പദത്തിന്റെ അർത്ഥം. യഹോവയെ യാഹ് എന്നും യാഹ്വേ എന്നും എബ്രായ ജനത വിളിച്ചിരുന്നു. ദൈവത്തിന്റെ യാഥാർത്ഥ പേരുകളാണ് യഹോവ, യേശുക്രിസ്തു, പരിശുദ്ധാത്മാവ് ഇവ. നേരത്തെ പറഞ്ഞത് കൂടാതെ സംഘ നാമങ്ങൾ ഇനിയും യഹോവയെപ്പറ്റിയുണ്ട്. യഹോവ-മാക്ഡെഷം (ശുദ്ധീകരിക്കുന്ന യഹോവ) (ലേവ്യ.20:8); യഹോവ-സിദെക്കിനു (യഹോവ നമ്മുടെ നീതി) യിര.23:6; യഹോവ-ഷാബോത്ത് (സൈന്യങ്ങളുടെ യഹോവ) സങ്കീ.84:1; യഹോവ - എല്യോൻ (അത്യുന്നതനായ യഹോവ) (സങ്കീ.7:17).

ഇവയെല്ലാം ത്രിയേകദൈവത്തിലെ ''പിതാവി''ന് വളരെ പ്രത്യേകമായി കൊടുത്തിരിക്കുന്ന ഭയഭക്തി ബഹുമാനങ്ങളോടെ എബ്രായർ വിളിക്കുന്ന പദങ്ങളാണ്. പുതിയനിയമത്തിലേക്കു വരുമ്പോൾ ദൈവം എന്ന അർത്ഥത്തിൽ യേശു എന്ന പദമാണുപയോഗിക്കുക. യേശു എന്നതിന് രക്ഷകൻ എന്നർത്ഥം. യഹോശുവാ എന്ന എബ്രായപദത്തിൽ നിന്നാണ് യേശു എന്ന ഗ്രീക്കുപദമുണ്ടായത്. യഹോശുവാ എന്നാൽ യഹോവ രക്ഷകൻ എന്നാണ്. യേശു സാക്ഷാൽ യഹോവ തന്നെയാണെന്ന് സംശയാതീതമായി ഇവിടെ തെളിയുകയാണ്. ക്രിസ്തു എന്നാൽ അഭിഷിക്തൻ എന്നും ശക്തനായവൻ എന്നും അർത്ഥം. പാപശാപ-പൈശാചിക ശക്തികളിൽ നിന്നും നമ്മെ രക്ഷിക്കുവാൻ മതിയായവൻ എന്നർത്ഥം. നമ്മുടെയും മനുഷ്യസമൂഹത്തിന്റെയും രക്ഷയ്ക്കുവേണ്ടി, യാഗമായിത്തീർന്ന് (ക്രൂശിക്കപ്പെട്ട്) മരിച്ചുയിർത്ത്, വിശ്വസിക്കുന്ന വിശുദ്ധർക്ക് സൗജന്യമായി നിത്യത നൽകാൻ മനുഷ്യശരീരത്തിൽ വന്ന **യഹോവയാണ് യേശു.** 1300-ഓളം തവണ യേശു എന്ന പദവും 550-ൽ പരം തവണ ക്രിസ്തു എന്ന പദവും 200-ലധികം തവണ യേശുക്രിസ്തു എന്ന പദവും പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തുവാണ് യഹോവയെ സ്വർഗ്ഗസ്ഥനായ പിതാവ് എന്ന് വിളിക്കുവാൻ നമ്മെ പഠിപ്പിച്ചത് (മത്താ.6:9). പിതാവിനെയും പുത്രനെയും അധികാരി, ഉടമസ്ഥൻ എന്നീ അർത്ഥങ്ങളിൽ 'കർത്താവ്' എന്ന് വിളിച്ചിട്ടുണ്ട് (യെശ.61:1,2, അപ്പൊ.2:6).

ത്രീയേകദൈവത്തിന്റെ ഉന്നതത്തിലെ വിശുദ്ധ തീരുമാനമനുസരിച്ച് യേശുവിലൂടെ നാം രക്ഷ പ്രാപിച്ചപ്പോൾ യഹോവ നമ്മെ കൈക്കൊണ്ട് നാം അവിടുത്തെ മക്കളും അവിടുന്ന് നമ്മുടെ പിതാവും ആയിത്തീർന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. അക്കാര്യം യോഹ.1:12-ൽ പഠിപ്പിച്ചിരിക്കുന്നു. ''അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു". തുടർന്ന് 1:14-ൽ ബൈബിൾ ഇപ്രകാരവും പഠിപ്പിക്കുന്നു, "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു".

യഹോവ എന്ന് പഴയനിയമം വിളിക്കുന്ന സ്നേഹപിതാവിന്റെ സ്വഭാവ സവിശേഷതകളെല്ലാം ക്രിസ്തുയേശുവിനും ഉണ്ട്. ദൈവത്തെ കാണുക എന്ന മനുഷ്യന്റെ അടങ്ങാത്ത അഭിനിവേശത്തിനു ശമനമുണ്ടായതും തൃപ്തികരമായ സംതൃപ്തിയുണ്ടായതും ദൈവം മനുഷ്യനായി വന്നപ്പോഴാണ്. യേശുക്രിസ്തു മനുഷ്യനായി




വന്നതിന്റെ പ്രധാന ലക്ഷ്യം തന്നെ മനുഷ്യന്റെ ആ ദാഹം തീർക്കുക എന്നതായിരുന്നു. എങ്കിലും സവിശേഷതകൾ ഓരോന്നായി ഓരോന്നായി നാം അറിഞ്ഞെങ്കിലല്ലേ, ആ പിതാവ് മാംസം ധരിച്ച് പുത്രനായി വന്നപ്പോൾ പുത്രനിലും ഏതെല്ലാം യോഗ്യതകളും പദവികളും ഉണ്ടായിരുന്നുവെന്ന് നാം അറിയുകയുള്ളു.

**1. അവിടുന്ന് സ്രഷ്ടാവാണ്; പരമപരിശുദ്ധനും ആണ്.**

''മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനേപ്പോലെ വിളിക്കുകയും ചെയ്യുന്നവനായി, താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന് തന്നെ" (റോമ.4:17). ഇല്ലാത്തതിനേ ഉള്ളതുപോലെ, കർത്താവ് വിളിച്ചുവരുത്തി. ആ സൃഷ്ടികർമ്മത്തിൽ ചിലവ; ഉല്പ.1:3 വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി. 2. വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടാകട്ടെ (ഉണ്ടായി) ഉല്പ.1:9,10 ഭൂമിയും സമുദ്രവും സൃഷ്ടിക്കുന്നു. (ഉല്പത്തി 1,2 അദ്ധ്യായങ്ങൾ ഏവരും വായിച്ച് പഠിക്കണം) യെശയ്യാവ് 40:26-"നിങ്ങൾ കണ്ണ് മേലോട്ട് ഉയർത്തി നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ? അവൻ അവയുടെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കുയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നു''. യിരമ്യാവിൽ 32:17-ൽ "യഹോവയായ കർത്താവെ നിന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭുജംകൊണ്ടും നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി. നിനക്ക് അസാദ്ധ്യമായി ഒന്നുമില്ല''. തിരുവെഴുത്തുകളിലുടനീളം പിതാവ് സർവ്വത്തിന്റെയും സ്രഷ്ടാവാണെന്ന് നാം വായിച്ചറിയുന്നു.

സൃഷ്ടിതാവായ ദൈവം തന്റെ സൃഷ്ടവസ്തുക്കൾക്കും ജീവജാലങ്ങൽക്കും മനുഷ്യർക്കും എന്തൊക്കെയാണൊ നിലനില്പിനാവശ്യം അവയെല്ലാം ഇവിടെ കരുതിയിരിക്കുന്നു; വായു, വെള്ളം, കടൽസമ്പത്തുകൾ, ഭൂമിക്കടിയിലെ വിലയേറിയ സമ്പുഷ്ടയുറേനിയവും പൊന്നും പെട്രോളിയവും എല്ലാമെല്ലാം. മത്താ.5:45 കുറിയ്ക്കാം. ''അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ

## ഡോക്ടർക്ക് സാധിക്കാത്തത് ദൈവത്താൽ സാധ്യം



എന്റെ പേര് ബിന്റ. എന്റെ മകൻ ജിനുവിനു വേണ്ടിയാണ് ഞാൻ ഈ സാക്ഷ്യം എഴുതുന്നത്. ഏതാണ്ട് രണ്ടരവർഷങ്ങൾക്കുമുമ്പ് എന്റെ മകന് മൂക്കിൽ കൂടിയും വായിൽകൂടിയും തുടർച്ചയായി രക്തം വരികയും ഞങ്ങൾ ഡോക്ടറുടെ അടുത്ത് ചികിത്സ തേടി പോവുകയും ചെയ്തു. എന്താണ് രോഗമെന്ന്ഡോക്ടർക്ക് മനസ്സിലാകാത്തിനെ തുടർന്ന് അദ്ദേഹം മൂക്കിൽകൂടി ട്യൂബ് കടത്തി പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഞങ്ങൾ ദേവസ്യാ മുല്ലക്കരസാറിനെ ഫോണിൽ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവം പരിപൂർണ്ണമായി സൗഖ്യപ്പെടുത്തിയെന്ന് പറഞ്ഞു. അതിനുശേഷം ഇപ്പോൾ ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെയും അങ്ങനെയൊരു രോഗം ജിനുവിനുണ്ടായിട്ടില്ല. എന്റെ മകനെ യേശു പരിപൂർണ്ണമായി സൗഖ്യപ്പെടുത്തി. യേശുവിന് ഒരായിരം നന്ദി. ഹല്ലേലൂയ്യാ...

**ബിന്റ പള്ളിത്തോട്, Ph: 9287911867**

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 4

ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ''. ഇതൊക്കെ ശരിയാണെങ്കിലും അവിടുത്തെ ലക്ഷ്യം വിശുദ്ധനായ അവിടുത്തേക്ക് മനുഷ്യനെ വിശുദ്ധനാക്കി അവന്റെ ഉള്ളിൽ വസിക്കുക തന്നെ വേണം. അഥവാ തനിക്ക് തന്നെ പകർന്നു കൊടുക്കണം.

1 ശമു.2:2 ''യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല; നീയല്ലാതെ ഒരുത്തനുമില്ലല്ലോ.''പക്ഷേ, പരിശുദ്ധനായ ദൈവത്തിന് പരിശുദ്ധമായ വാസസ്ഥലം തന്നെ വേണമല്ലോ. കല്ലും മണ്ണും സിമന്റും കൊണ്ടുണ്ടാക്കിയ വീടുകൾ പോലത്തെ ആലയമല്ല, അവിടുന്ന് തെരഞ്ഞെടുക്കുന്ന ആലയം''. ആവർത്തിക്കട്ടെ അപ്പൊ.17:24: ''ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവനാകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല". (വീണ്ടുംജനിച്ച ആത്മീയ മനുഷ്യന്റെ ശുശ്രൂഷയാണ് അവിടുത്തേക്ക് ആവശ്യം, ജഡികനായ മനുഷ്യന്റെ കൈകാലുകളുപയോഗിച്ചുള്ള താളമേളക്കൊഴുപ്പിന്റെ സംഗീതസാന്ദ്രമെങ്കിലും, ഗരുഡൻ തൂക്കംപോലെയുള്ളതും ഉരുളൽ നേർച്ച,മലകയററം തുടങ്ങിയുള്ളതുമായ ''മാനുഷകൈകളാൽ, ലഭ്യമായവയൊന്നും (ജപമാല) ദൈവത്തിന് വേണ്ട. ആത്മാവിലും സത്യത്തിലുമുള്ളതേ അവിടുത്തേക്ക് ആവശ്യമുള്ളു.")

1 ശമു.2:2 പോലെയുള്ള തിരുവെഴുത്തുകൾ ദൈവത്തിൽ പരിശുദ്ധി മാത്രമേയുള്ളു എന്ന് വെളിപ്പെടുത്തുന്നു. അവിടുന്നിൽ പാപം ഇല്ല. ദൈവം എത്ര പരിശുദ്ധൻ എന്നും എങ്ങനെയുള്ളവരുടെകൂടെ വസിക്കുന്നുവെന്നും യെശ.57:15-ൽ വിവരിച്ചിരിക്കുന്നു. ''ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന് നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോട് കൂടെയും വസിക്കുന്നു."

**ദൈവം സ്നോഹവാനും നീതിമാനും ആണ്**

1 യോഹ.4:8 "ദൈവം സ്നേഹം തന്നെ (1 യോഹ.4:16). പക്ഷേ പച്ചപ്പാപിയും ജഡികനും ആയ മനുഷ്യന് ഒരിക്കലും മാനസാന്തരപ്പെടാതെ, വീണ്ടുംജനിക്കാതെ വിശ്വാസവിശുദ്ധിയിലേക്കുയരാതെ ദൈവസ്നേഹം നുണയുവാൻ കഴിയുകയില്ല. ആ പ്രക്രിയയിലൂടെ വിശ്വാസത്തിൽ വളരുന്നവർക്ക് ദൈവസ്നേഹം ആസ്വദിക്കുവാൻ കഴിയും. അങ്ങനെ ആസ്വദിക്കുന്നതാണ് ദൈവകൃപ. യിര.31:3-ൽ നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിനപ്പുറം ഏതു വാക്കാണുപയോഗിക്കുക. പക്ഷേ പാപത്തെ അവൻ ശിക്ഷിക്കാതിരിക്കില്ല. പാപത്തെ ശിക്ഷിച്ചാലല്ലേ നീതിമാനാകാൻ കഴിയൂ. ന്യായവിധി (എബ്രാ.9:27) തീരുമാനിച്ചതിന്റെ കാരണം ശിക്ഷ നടപ്പാക്കാനാണ്. യേശു നമ്മെ രക്ഷിക്കാനായി വന്നപ്പോൾ വേണമെങ്കിൽ ക്രൂശുമരണം ഒഴിവാക്കാമായിരുന്നു എന്നു തോന്നാം. പക്ഷേ ദൈവം നീതിമാനാകയാൽ പാപത്തിന് ശിക്ഷ കൊടുക്കാൻ, ജനകോടികളുടെ പാപത്തിന് അവർ കൊള്ളേണ്ട ശിക്ഷ ക്രിസ്തു ഏറ്റെടുക്കുകയായിരുന്നു. ഏകജാതനെ ക്രൂശിക്കാൻ പിതാവിന് സമ്മതിക്കേണ്ടി വന്നത് തന്റെ നീതി നടപ്പാക്കലിന്റെ ഭാഗമാണ്. എബ്രാ.12:29-ലെ പ്രസ്താവനയോ? ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ."

1. ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ് (എബ്രാ.12:29).
2. ദൈവം സ്നേഹമാണ് (1 യോഹ.4:8, 4:16)
3. ദൈവം ആത്മാവാകുന്നു (യോഹ.4:24, 2 കൊരി.3:17)
4. ദൈവം വെളിച്ചമാകുന്നു (1 യോഹ.1:5, യോഹ.8:12)
5. ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമാണ്




ദൈവം (1 തിമൊ.6:15,16).

6. സർവ്വവ്യാപകത്വം (Omnipresence) ഉള്ളവനാണ് ദൈവം (സങ്കീ.139:7–10, യിര.23:24, അപ്പൊ.17:24–28)

7. സർവ്വശക്തൻ (Omnipotence) ആണ് ദൈവം (സങ്കീ.19:1, റോമ.1:20)

8. സർവ്വജ്ഞാനി (Omnscience) ആണ് ദൈവം (സങ്കീ.139:1–6, 147:4,5, 1 കൊറി.2:11)

9. സർവ്വോന്നതനും (Transsedence) നിത്യതം ഉള്ളവനുമാണ് ദൈവം (സങ്കീ.91:1, 92:1, സദൃശ.16:4,ഉല്പ.21:33, പുറ.3:14, 1 തിമൊ.1:17).

10. സമ്പൂർണ്ണവിശുദ്ധിയും

11. സമ്പൂർണ്ണനീതിയും

12. സമ്പൂർണ്ണസ്നേഹവും

13. സമ്പൂർണ്ണസത്യവും ആണ് ദൈവം. അഥവാ ദൈവത്തിന്റെ സ്വഭാവവിശേഷണങ്ങളാണ് വിശുദ്ധിയും സത്യവും നീതിയും സ്നേഹവും.

ദൈവം ഏകൻ എന്ന് ബൈബിൾ തറപ്പിച്ച് പഠിപ്പിക്കുന്നു. “യിസ്രായേലെ, കേൾക്കുക യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ” (ആവ.6:4). “ദൈവം ഒരുവനല്ലോ” (1 തിമൊ.2:5). എന്നാൽ ആ ഏകത്വത്തിൽ ഒരു ത്രിത്വം അടങ്ങിയിരിക്കുന്നു. ഈ അവസ്ഥയ്ക്കാണ് ത്രിയേകത്വം എന്നു പറയുന്നത്. സാരാംശത്തിൽ ഒരേ ഒരു ദൈവം മൂന്ന് ആളത്തങ്ങളായി സ്ഥിതി ചെയ്യുന്നു. ദൈവത്തിന്റെ സാരാംശത്തിന്റെ പദവിയിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഈ മൂന്ന് ആളത്തങ്ങളും സ്ഥിതി ചെയ്യുന്നു. സ്ഥാനത്തിലും പദവിയിലും വ്യത്യാസങ്ങളോടുകൂടി പുത്രനും പരിശുദ്ധാത്മാവും പിതാവിന് വിധേയപ്പെട്ട് പ്രവർത്തിക്കുമ്പോൾത്തന്നെ പുത്രനും പരിശുദ്ധാത്മാവും പിതാവിനേപ്പോലെ ദൈവം തന്നെ എന്നതാണ് ത്രിയേകദൈവത്തിന്റെ ത്രിത്വം എന്ന മർമ്മം. മനുഷ്യനിലെ ശരീരവും മനസ്സും ആത്മാവും വെവ്വേറെ പ്രവർത്തിക്കാതെ ഒന്നായി പ്രവർത്തിക്കുന്നതുപോലെ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായി പ്രവർത്തിക്കുന്നു. “യഹോവയോ സത്യദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നെ” (യിര.10:10). അതേ യഹോവ തന്നെ സത്യദൈവം. ആ ഏകസത്യദൈവമായ യഹോവയിൽ സാരാംശത്തിലും സത്തയിലും തുല്യതയുള്ള മൂന്ന് ആളത്തങ്ങൾ നിത്യമായി ഉണ്ട്. പരിശുദ്ധാത്മാവും യേശുക്രിസ്തുവും പിതാവും ആണ് ആ വ്യക്തികൾ. സ്വർഗ്ഗസ്ഥനായ പിതാവും, യേശുക്രിസ്തുവും, പരിശുദ്ധാത്മാവും യഹോവ തന്നെ എന്ന് അംഗീകരിക്കുകയും വിശ്വസിക്കുകയും ആരാധിക്കുകയും രക്ഷാനുഭവത്തിൽ നിറയുകയും ആത്മനിറവ് അനുഭവിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ. മനുഷ്യപുത്രനായി കടന്നുവന്ന യഹോവയായ ക്രിസ്തുവിന്റെ ക്രൂശിതമരണം, തങ്ങളുടെ ശിക്ഷയ്ക്ക് പകരമായി യേശു അനുഭവിച്ചുകൊണ്ട്, വിശ്വസിക്കുന്നവരെ നിത്യതയിലേക്ക് പരിശുദ്ധാത്മാവ് സത്യസഭയിലൂടെ വഴി നടത്തുന്നു എന്നു വിശ്വസിച്ച് വചനമനുസരിച്ച് വിശുദ്ധജീവിതം നയിക്കുന്നവർക്കുള്ളതാണ് സ്വർഗ്ഗം അഥവാ നിത്യത.

നിത്യതയ്ക്കൊരുക്കമായി യഹോവ, ക്രിസ്തു മുഖാന്തരവും പരിശുദ്ധാത്മാവ് മുഖാന്തരവും നമ്മിലേക്ക് പകരപ്പെടുന്നു. യഹോവയെ, നമ്മിലേക്ക് പകരുവാൻ നമ്മുടെ പാപാശുദ്ധികൾ കാരണം ദൈവത്തിന് കഴിയാതെ വന്നപ്പോൾ, ക്രിസ്തുവിന്റെ രക്തത്താൽ നമ്മെക്കഴുകി വിശുദ്ധീകരിച്ച് പുത്രനിലൂടെ പ്രവേശിക്കുവാൻ യഹോവയ്ക്ക് കഴിയാമെന്നിരിക്കെ ആ ത്രിത്വത്തിന്റെ ദ്വിത്വഭാവം (പിതാവും പുത്രനും) ത്രിത്വത്തിന്റെ മൂന്നാംഭാവമായ പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയച്ച്, നമ്മെ പരിശുദ്ധാത്മാവിൽ നിറച്ച് ഒപ്പം ആത്മാവായി പിതാവും പുത്രനും നമ്മുടെ ഉള്ളിൽ വസിക്കുന്നു. അങ്ങനെ ദൈവം ദൈവത്തെ നമുക്ക് പകർന്നു നൽകുന്നു. ഈ ആത്മാവായ ദൈവത്തെ ആത്മാവിലും സത്യത്തിലും നാം ആരാധിക്കണം.

ദൈവത്തിൽ പിതാവെന്ന ആളത്തവും പുത്രൻ എന്ന ആളത്തവും പരിശുദ്ധാത്മാവ് എന്ന ആളത്തവും ആവശ്യമുണ്ട്. അതാണ് ദൈവീകവ്യവസ്ഥ. ഈ മൂന്നാളത്തങ്ങളും കൂടാതെ ദൈവത്തിന് നമ്മിൽ വളരുവാനും നമ്മെ വളർത്തുവാനും കഴിയുകയില്ല. ദൈവം നമ്മിൽ

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 4

പണിയപ്പെടുന്നത് തന്റെ മൂന്ന് ആളത്തങ്ങളിലൂടെയാണ്.

ക്രിസ്തുവിലുള്ള ദൈവം – പരിശുദ്ധാത്മാവിലുള്ള ക്രിസ്തു – അഥവാ ദൈവം – ഈ ദൈവത്തിന്റെ ദ്വിത്വഭാവത്തെ, പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ യഥോചിതം നിറയ്ക്കുമ്പോൾ നമുക്ക് 'ആത്മാവിലും സത്യത്തിലും ദൈവത്തെ സ്തുതിച്ചാരാധിക്കുവാനാവശ്യമായ കൃപയായി. മാത്രമല്ല ദൈവത്തിന്റെ ത്രിത്വഭാവം, നമ്മിൽ വാസം ചെയ്യുന്നത്, നമുക്ക് ശരിക്കും മനസ്സിലായി. ഇവിടെ നമ്മുടെ ഉള്ള് സന്തോഷംകൊണ്ട് നിറഞ്ഞു തുള്ളിച്ചാടുന്നു, അതനുസരിച്ച് പുറവും. യഹോവയ്ക്ക് ക്രിസ്തുവാകാതെ (യോഹ.10:30) ക്രിസ്തുവിന് ആത്മാവാകാതെ (1 കൊറി.15:45) ആത്മാവിന് പിതാവിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടാതെ (യോഹ.14:26+15:26) നമ്മിൽ വസിക്കാനാവില്ല. അവർ അങ്ങനെ ആകും. മാനസാന്തരപ്പെട്ട്, വിശ്വാസത്തിലൂടെ പാപമോചനവും വാങ്ങി, വീണ്ടുംജനിച്ച് ആത്മനിറവോടെ അഭിഷേകം പ്രാപിച്ച് ജീവിക്കുന്ന ദൈവമക്കളുടെ ഉള്ളിൽ ത്രിത്വം വസിക്കുന്നു. അവരാണ് മണവാട്ടികൾ. അവർക്കുള്ളതാണ് മണവാളനും, നിത്യതയും.

പക്ഷേ, ദൈവവ്യവസ്ഥയുടെ പരിശുദ്ധമായ, അനാദിയിലേ ഉള്ള, ലോകസ്ഥാപനത്തിന് മുമ്പേയുള്ള തീരുമാനമനുസരിച്ച് "സ്ത്രീയുടെ സന്തതിയായി ജനിച്ച യേശുക്രിസ്തു" (ഉല്പ.3:15) വിൽ, ത്രിത്വത്തിലെ രണ്ടാമത്തെ ആളത്തമായവനിൽ, ദൈവം സ്വയം ആക്കിവെച്ചു. "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്"(കൊളോ.2:9). "അവനിൽ, യേശുക്രിസ്തുവിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട്, അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ, സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി" (കൊളോ.1:20). മാത്രമല്ല, "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവൻ ആയിട്ടും സകലതും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സകലത്തിനും മുമ്പേയുള്ളവൻ, അവൻ സകലത്തിനും ആധാരമാകുന്നു"(കൊളോ.1:16,17). ഈ ഒരേ ലേഖനത്തിലെ മൂന്ന് തിരുവെഴുത്തുകൾ ശ്രദ്ധവച്ച് വായിച്ചാൽ പിതാവും പുത്രനും തമ്മിലുള്ള അഭേദ്യമായ ബന്ധം വേർപെടുത്താനാവാത്തതും ഒന്നിന് മറ്റൊന്നിന്റെ മേലോ, കീഴോ, അധികമോ ആകാത്ത ബന്ധം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

അതായത് പുത്രനിലൂടെയാണ് പിതാവ് ആവിഷ്ക്കരിക്കപ്പെടുന്നത്. ഈ സത്യം യോഹ.1:18 തെളിയിക്കുന്നു. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു". മനുഷ്യന് ദൈവത്തെ കാണുവാനും ലഭിക്കുവാനുമുള്ള സൗകര്യത്തിനുവേണ്ടിയാണ് ദൈവീകവ്യവസ്ഥയുടെ സുതാര്യമായ ഈ ആവിഷ്ക്കാരം സംഭവിച്ചത്. ഇത് ത്രീയേകദൈവത്തിന്റെ പദ്ധതിയാണ്. വ്യവസ്ഥയാണ്. ഒരിയ്ക്കലും മാറ്റമില്ലാത്തതാണ്. ഒരിയ്ക്കലും ഒട്ടും കുറയാത്ത ഉറവിടമായ പിതാവ് പുത്രനിൽ, അഥവാ ദൈവവചനമായ യേശുക്രിസ്തുവിൽ ആവിഷ്ക്കരിക്കപ്പെടുക. യോഹ.1:1 മുതൽ 5 വരെ വചനങ്ങളിൽ ഈ പരമമായ സത്യത്തിന്റെ ചുരുക്കെഴുത്തുണ്ട്. "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോട് കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല; അവനിൽ ജീവനുണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു, വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുളോ അതിനെ പിടിച്ചടക്കിയില്ല." യോഹ.10:30 ഇതിന്റെയെല്ലാം തീർപ്പു കല്പിക്കുന്ന വചനമത്രെ! "ഞാനും പിതാവും ഒന്നാകുന്നു." യെശ.9:6-ൽ പുത്രനെ പിതാവെന്ന് വിളിച്ചിരിക്കുന്നത് പഴയനിയമത്തിലാണെന്നതും ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു.




ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, **നിത്യപിതാവ്,** സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും".

പിതാവിനോട് നൂറ് ശതമാനവും ബന്ധപ്പെടുക എന്നത്, ആ അപാര വെളിച്ചത്തെ സ്വീകരിക്കുക എന്നത് അപ്രാപ്യവും അസാധ്യവുമായിരിക്കെ, ആ പിതാവ് പുത്രനിൽ ഉടലെടുത്തുകൊണ്ട്, ആ പുത്രൻ മനുഷ്യപ്രകൃതിയിൽ, തന്റെ ദിവ്യപ്രകൃതിയെ, മനുഷ്യപ്രകൃതിയോട് സംയോജിപ്പിക്കുവാൻ പിതാവിന് പ്രസാദം തോന്നിയതുകൊണ്ട്, ഇനി നമ്മൾ മാനസാന്തരപ്പെട്ട് വീണ്ടും ജനിച്ച് വിശ്വാസത്താൽ പുത്രനിലൂടെ പിതാവിനെ സ്വീകരിക്കുവാൻ ഒരുക്കമെങ്കിൽ പിതാവിനും പുത്രനും ആത്മാവായി നമ്മിൽ വന്ന് വസിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. പുത്രന്റെ മനുഷ്യാവതാരം, അത് എത്ര വലിയ മർമ്മമാണ്. ആ ജഡാവതാരം മുഖേന മോശെയ്ക്കു പോലും അനഭിഗമ്യനായ പിതാവ്, ''അനുതപിച്ച് വിശ്വസിക്കുന്ന'' ഏതൊരു ദൈവപൈതലിനും അഭിഗമ്യനായിത്തീരുന്നു എന്ന മർമ്മം മർമ്മങ്ങളുടെ മർമ്മമാണ്. പുത്രനെ വിശ്വാസത്താൽ വിളിക്കുന്നവർ പിതാവിനെയാണ് വിളിക്കുന്നത്. പുത്രനെ കേൾക്കുന്നവർ പിതാവിനെയാണ് കേൾക്കുന്നത്, കാണുന്നത്, തൊടുന്നത്, അനുഭവിക്കുന്നത്.

മനുഷ്യന് ഈ ഒരു ഭാഗ്യം കിട്ടിയില്ലായിരുന്നുവെങ്കിൽ പുത്രനെ കണ്ടുകൊണ്ട് പിതാവിനെ അനുഭവിക്കാൻ പറ്റിയിരുന്നില്ലെങ്കിൽ തിര്യക്കുകളുടെയും ഇതര പക്ഷിമൃഗാദികളുടെയും ജീവിതവും മനുഷ്യജീവിതവും തമ്മിൽ, കാര്യമായ വ്യത്യാസമൊന്നും ഉണ്ടാവുകയില്ലായിരുന്നു. ക്രിസ്തുവിൽ ദൈവവും മനുഷ്യനും ഒന്നായി. ഇനി ക്രിസ്തുവിലൂടെ ആത്മാവായി, **ക്രിസ്തുവും, ദൈവവും, ആത്മാവും** എന്ന ത്രീയേക ദൈവത്തെ സ്വീകരിക്കാൻ ഒന്നിച്ച് മാനസാന്തരപ്പെട്ട്, വീണ്ടുംജനിച്ച്, വചനമനുസരിച്ച്, വിശുദ്ധജീവിതം നയിക്കുന്ന മണവാട്ടിമാരുടെ ഉള്ളിലേക്ക് കടന്നുവന്ന് മണവാട്ടിയെ ദൈവാലയമാക്കി മാറ്റുന്നു. ഈ മഹാഭാഗ്യം ഈ എഴുത്തുകാരനും വായിക്കുന്നവർക്കും ലഭിക്കുവാൻ

## അനുഗ്രഹപ്പെരുമഴ



എന്റെ പേര് ശ്രീലത. എന്റെ ഭർത്താവിന്റെ പേര് ബാബു. ഞാൻ വളരെ നാളുകളായി കാലിന്റെ ഉപ്പൂറ്റിയിലും നടുവിനും, ഒക്കെ വളരെയധികം വേദനയാൽ ഭാരപ്പെടുകയായിരുന്നു. ഇതിന് കുറെയധികം ചികിത്സകളൊക്കെ നടത്തിനോക്കിയെങ്കിലും ഒന്നും ഫലവത്തായില്ല. അങ്ങനെയിരിക്കെയാണ് കായംകുളത്ത് ദേവസ്യാ മുല്ലക്കരസാർ വരുന്നു എന്നറിയുകയും ഞങ്ങൾ അവിടെപ്പോയി പ്രാർത്ഥിക്കുകയും ചെയ്തത്. ഞങ്ങൾ അവിടെപ്പോയി പ്രാർത്ഥിച്ചതിനുശേഷം എന്റെ എല്ലാ രോഗങ്ങൾക്കും പൂർണസൗഖ്യമായി. എന്റെ ഭർത്താവിന് കേൾവിക്കുറവുണ്ടായിരുന്നു. അദ്ദേഹത്തിനുവേണ്ടിയും പ്രാർത്ഥിച്ചു. ഇപ്പോൾ വളരെ സൗഖ്യമുണ്ട്. ഞങ്ങൾക്ക് വഴി സംബന്ധിച്ച ഒരു പ്രശ്നവും കൂടെയുണ്ടായിരുന്നു. സാർ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ അതെല്ലാം വളരെ വേഗം ശരിയാകുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ വളരെ സന്തോഷത്തോടെയിരിക്കുന്നു. ഞങ്ങൾക്ക് ഈ കാര്യങ്ങളെല്ലാം സാറിലൂടെ പ്രവർത്തിച്ചുതന്നത് യേശുവാണ്. ഈ യേശുവിനെ ഞങ്ങൾ സ്തുതിക്കുന്നു.

**ബാബു & ശ്രീലത, തൃക്കുന്നപ്പുഴ, Ph: 9446064359**

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 4

വേണ്ടിയും ലഭിച്ചിരിക്കയാൽ, ആ ത്രിത്വത്തിൽ ലയിച്ച് സന്തോഷിച്ച് ആരാധിക്കാൻവേണ്ടിയും ഈ ജീവിതത്തെ നമുക്കുപയോഗിക്കുക.

**II പുത്രൻ - യേശുക്രിസ്തു**

ദൈവത്തെ ദൈവം തന്നെ മനുഷ്യനിലേക്ക് പകർന്നുകൊടുക്കുമെന്ന ആശയത്തിൽ പിതാവെങ്ങനെയാണത് ചെയ്യുന്നതെന്ന്, ദൈവം (പിതാവ്) എന്ന തലക്കെട്ടിൽ മനസ്സിലാക്കാൻ ശ്രമിച്ചു. ഇനി പുത്രൻ എന്ന രണ്ടാംപടിയിലേക്ക് വരാം. യേശുക്രിസ്തുവിന്റെ ജനനം മുതൽ വീണ്ടുംവരവുവരെയുള്ള തുടർച്ചയായ ക്രിസ്റ്റോളജിയുടെ മർമ്മങ്ങൾ മനസ്സിലാകുമ്പോഴാണ് ത്രിത്വം നമ്മിലേക്ക് ദൈവത്തെ പകരുമെന്നതിൽ യേശുവിന്റെ പങ്ക് എന്താണെന്ന് നമുക്ക് മനസ്സിലാകൂ. അവ.

1. ദൈവമെന്ന ത്രിത്വം ത്രിത്വത്തിലെ രണ്ടാമത്തെ ആളത്തമായ ക്രിസ്തുവിൽ സജീവമാകുവാൻ ലോകസ്ഥാപനത്തിനുമുമ്പെ തീരുമാനിക്കുന്നു.
2. പുരുഷസ്പർശമില്ലാതെ, കന്യകയായ മറിയത്തിലൂടെ യേശുവിന്റെ ജനനം, പിതാവിന്റെ ഹിതമനുസരിച്ച് പരിശുദ്ധാത്മാവിൽ (ജഡാവതാരം)
3. ക്രിസ്തുവിന്റെ ബാല്യപ്രായം മുതലുള്ള മനുഷ്യജീവിതം പാപമൊഴികെ സകലജീവിതഘട്ടങ്ങളിലൂടെയും ചിരിച്ചും, കരഞ്ഞും പ്രാർത്ഥിച്ചും സാത്താനോടെതിർത്തും നിരവധിയായ കഷ്ടങ്ങൾ സഹിച്ചും സ്വസഹോദരങ്ങളാലും ശിഷ്യോത്തമന്മാരാലും തള്ളിപ്പറയപ്പെട്ടും ദു:ഖിതരോടും രോഗികളോടും ബന്ധിതരോടും മനസ്സലിവ് തോന്നി, അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചും ഉള്ള ജീവിതം.
4. ക്രിസ്തുവിന്റെ ക്രൂശിതമരണം വിശ്വസിക്കുന്ന ജനകോടികൾക്ക് പാപത്തിൽനിന്നും പിശാചിൽനിന്നും ശാപങ്ങളിൽനിന്നും വിടുതൽ നൽകി വിശുദ്ധി വിതരണം ചെയ്യാൻ.
5. അവിടുത്തെ ഉത്ഥാനം
6. സ്വർഗ്ഗാരോഹണം
7. പിതാവിന്റെ വലതുഭാഗത്തുള്ള, പൗരോഹിത്യ-മദ്ധ്യസ്ഥ ശുശ്രൂഷാപദവി വഹിക്കൽ
8. പരിശുദ്ധാത്മാവിനെ ലേകത്തിലേക്ക് അയയ്ക്കൽ
9. മേഘ പ്രത്യക്ഷതയും മഹത്വ പ്രത്യക്ഷതയും സഹസ്രാബ്ദയുഗവും അന്തിമന്യായവിധിയും.
10. രാജ്യം പിതാവിനെ ഏല്പിക്കുന്നതോടെ ആരംഭിക്കുന്ന നിത്യത.

ഈ പത്ത് പ്രക്രിയകളിലൂടെ, ദൈവജനം ആദാം മുതൽ ഇങ്ങോട്ട് ചെയ്തുകൂട്ടിയതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ എല്ലാ പാപങ്ങൾക്കും പൈശാചിക അടിമത്തത്തിനും വിടുതലും കരുതലും കൊടുത്ത് ആത്മീയ സ്വാതന്ത്ര്യവും നൽകി, നിത്യതയ്ക്ക് അവർ യോഗ്യരാണെന്ന്, വിശ്വാസികൾക്കുവേണ്ടി ത്രിത്വം തീരുമാനിക്കുന്നു എന്നതാണ് രണ്ടാംപടി. പുത്രനിൽ ഈ 10 ഘട്ടങ്ങൾ സംഭവിക്കുന്നതിലൂടെയാണ് യേശു ഏകരക്ഷകനും വിധിയാളനും ദൈവവും എല്ലാം ആയിത്തീരുക.

ക്രിസ്ത്യാനിത്വം ക്രിസ്തുവിൽ കേന്ദ്രീകൃതമാണ്. തിരുവെഴുത്തുകൾ മുഴുവനും ക്രിസ്തുവിൽ തന്നെ കേന്ദ്രീകൃതമാണ്. യിസ്രയേലിന്റെ സമഗ്രചരിത്രമായ പഴയനിയമം, രക്ഷകനായി കടന്നുവരേണ്ടവനും വന്ന് ക്രൂശിൽ മരിച്ച് ഉയിർത്ത് സ്വർഗ്ഗത്തിലേക്കുയർന്നവനുമായ മ്ശിഹാക്കുവേണ്ടിയുള്ള പ്രതീക്ഷാനിർഭരമായ ഒരുക്കത്തിന്റെ വിവരണമാണ്.

**പ്രവാചകന്മാരുടെ സാക്ഷ്യം**

1. ''അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കുമെന്ന് സകലപ്രവാചകന്മാരും സാക്ഷ്യം പറയുന്നു'' (അപ്പൊ.10:43).

2. ''നിങ്ങൾക്ക് മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും. ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധരായ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതൊക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു''(അപ്പൊ.3:20,21).

**അപ്പൊസ്തലന്മാരുടെ സാക്ഷ്യം**

1. ''പിന്നെ അവർ (അപ്പൊസ്തലന്മാർ) ദിനമ്പ്രതി ദേവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും




യേശുവിനെ ക്രിസ്തു എന്ന് സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു”(അപ്പൊ.5:42).

2. “അവൻ ദമാസ്ക്കസിലുള്ള ശിഷ്യന്മാരോട് കൂടെ കുറെനാൾ പാർത്തു. യേശു തന്നെ ദൈവപുത്രൻ എന്ന് പള്ളികളിൽ പ്രസംഗിച്ചു” (അപ്പൊ.9:19,20).

3. “അവർ അംഫിപൊലിസിലും അപ്പൊലൊന്യയിലും കൂടി കടന്ന് തെസ്സലോനിക്കയിൽ എത്തി. അവിടെ യഹൂദന്മാരുടെ ഒരു പള്ളി ഉണ്ടായിരുന്നു. പൗലൊസ് പതിവുപോലെ അവരുടെ അടുക്കൽ ചെന്ന് മൂന്ന് ശബ്ബത്തിൽ തിരുവെഴുത്തുകളെ ആധാരമാക്കി അവരോട് വാദിച്ചു” (അപ്പൊ.7:1,2).

4. “ചിതറിപ്പോയവർ വചനം പ്രസംഗിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു. ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ ചെന്ന് അവരോട് ക്രിസ്തുവിനെ പ്രസംഗിച്ചു” (അപ്പൊ.8:4,5)

5. “എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം, ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചിക്കുകയോ എനിക്കു മുമ്പേ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്ക് പോവുകയോ ചെയ്യാതെ നേരെ അറേബ്യയിലേക്കു പോകുകയും ദമാസ്കൊസിലേക്ക് മടങ്ങിപ്പോരുകയും ചെയ്തു” (ഗലാ.1:15-17).

ഈ അഞ്ച് തിരുവെഴുത്തുകളും നമുക്ക് നൽകുന്ന അറിവ് സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിനേക്കുറിച്ചുള്ള സുവിശേഷമാണ് ക്രിസ്ത്യാനി പ്രസംഗിക്കേണ്ടതും കേൾക്കേണ്ടതും. നമ്മുടെ ആരാധനാ വിഷയവും അതു തന്നെആയിരിക്കണം. മാത്രമല്ല പ്രസംഗിച്ച വിഷയത്തിന്റെ കേന്ദ്രവും ക്രിസ്തുവാണെന്നാണ്. (ഞാനിതെഴുതുമ്പോൾ, 2016 ജൂലൈ അവസാനവും ആഗസ്റ്റ് പകുതിവരെയും അമേരിക്കയിലും, കാനഡയിലും, യുഎഇയിലുമായി, അനേകരുടെ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ എനിക്ക് അവസരം കിട്ടിയതിന് ഞാൻ സത്യദൈവത്തിന് നന്ദി പറയുന്നു. ഈ രാജ്യങ്ങളിലുള്ള “വൈറ്റുകളും ബ്ലാക്കുകളും

## ദൈവം തന്റെ ദാസൻമാർക്ക് എല്ലാം വെളിപ്പെടുത്തിക്കൊടുക്കുന്നു.



ഞാൻ ദാക്ഷായണി. തൂവക്കോട് താമസിക്കുന്നു. കുറെ മാസങ്ങൾക്കു മുമ്പ് ഞാൻ ഒന്നു വീണു. എന്റെ കൈ ഒടിയുകയും അതിന് പ്ലാസ്റ്ററിടുകയും ചെയ്തു. ഒരു നഴ്സിംഗ് അസിസ്റ്റൻറാണ് പ്ലാസ്റ്ററിട്ടത്. കുറെ നാളുകൾ റെസ്റ്റ് വേണമെന്നാണ് അവർ പറഞ്ഞിരുന്നത്. എന്നാൽ ദേവസ്യാ മുല്ലക്കരസാർ കോഴിക്കോട് വ്യാപാരഭവനിൽ വരുന്നുണ്ടെന്നറിഞ്ഞ് ഞാൻ അവിടെ ചെല്ലുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥിച്ചു കഴിഞ്ഞതിനു ശേഷം സാർ എന്നോടു പറഞ്ഞു. ഈ പ്ലാസ്റ്ററിട്ടിരിക്കുന്നത് ശരിയല്ലെന്നും അഴിക്കേണ്ടിവരുമെന്നും. അതനുസരിച്ച് ഞാൻ വേറൊരു ഡോകടറെ കാണുകയും സാർ ആത്മാവിൽ ദർശനം പ്രാപിച്ച് പറഞ്ഞതുപോലെ തന്നെ ഡോക്ടർ എന്നോടു പറയുകയും ചെയ്തു. അങ്ങനെ സാറിന് യേശു വെളിപ്പെടുത്തുക്കൊടുത്തതുപോലെ എന്റെ കയ്യിൽ വേറെ പ്ലാസ്റ്ററിട്ടു. അതു മാത്രമല്ല നിരവധി ദിവസം വിശ്രമം വേണമെന്ന് ഡോക്ടർ പറഞ്ഞിരുന്നെങ്കിലും എന്റെ കൈ വേഗത്തിൽ സൗഖ്യമായി. യേശുവെ നന്ദി.

**ദാക്ഷായണി , തൂവക്കോട് , Ph: 8547963666**




ക്രിസ്തുവിനെ പ്രസംഗിക്കുന്നതു കേട്ട് ഞാൻ മതിമറന്നു ദൈവത്തെ സ്തുതിച്ചു. എന്നാൽ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാരുടെ ശുശ്രൂഷകളിലെല്ലാം പഴയനിയമപ്രഘോഷണമാണ് കണ്ടതും കേട്ടതും. ആ "വെറ്റുകളുടെയും കറമ്പന്മാരുടെയും" പള്ളികളിൽ ശരാശരി രണ്ടായിരവും ആയിരവും അഞ്ഞൂറും ദൈവജനം. പുതിയനിയമത്തിന് പ്രാധാന്യം കുറച്ചിടത്തെല്ലാം ദൈവം വളരെ കുറച്ചേ ആളുകളെ അയച്ചിട്ടുള്ളു എന്ന് ആലോചിക്കേണ്ടതും തിരുത്തേണ്ടത് ഉണ്ടെങ്കിൽ തിരുത്തിയില്ലെങ്കിൽ ഇപ്പോഴത്തെ തല നരച്ചതും നരച്ചുതുടങ്ങിയതുമായവരുടെ കാലം കഴിയുമ്പോൾ ആയിരക്കണക്കിന് ഭാരതീയർ പ്രത്യേകിച്ചും കേരളീയർ നേതൃത്വം കൊടുക്കുന്ന കൂട്ടായ്മകൾ നിന്നു പോവുക തന്നെ ചെയ്യും).

**യേശുക്രിസ്തുവിന്റെ ദൈവത്വവും പൂർവ്വാസ്തികൃവും**

ഈ വിഷയം എന്റെ എല്ലാ ലേഖനങ്ങളിലും എഴുതാറുള്ളതും പ്രസംഗസ്ഥലത്ത് പ്രസംഗിക്കാറുള്ളതുമാണെങ്കിലും ആവർത്തിക്കുന്നു, കുറച്ചെങ്കിലും. കാരണം, പുതിയ വായനക്കാർക്ക് ആ മർമ്മം ലഭ്യമാകണമല്ലോ.

1. യോഹ.14:6-10 വാക്യങ്ങളിൽ ക്രിസ്തുവും പിതാവും ഒന്നു തന്നെ ആയിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു. അവനെ കണ്ടുമിരിക്കുന്നു. ഫിലിപ്പോസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം. എന്നാൽ ഞങ്ങൾക്ക് അത് മതി. "ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസെ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം എന്നു നീ പറയുന്നത് എങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു".

2. ഗലാ. 3:20 "ഒരുത്തൻ മാത്രം എങ്കിൽ മദ്ധ്യസ്ഥൻ വേണ്ടി വരികയില്ല; ദൈവമോ ഒരുത്തൻ മാത്രം".

3. റോമ.3:30 "ദൈവം യഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതേ, ജാതികളുടെയും ദൈവം ആകുന്നു. ദൈവം ഏകനല്ലോ? അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളേയും നീതീകരിക്കുന്നു".

4. എ.ഡി 325-ൽ സഭാരംഭകാലത്ത് ദുരുപദേശങ്ങൾ കത്തോലിക്കാസഭയിൽ കയറിക്കൂടുന്നതിന് മുമ്പുള്ള കാലഘട്ടത്തിൽ, നിഖ്യാസൂനഹദോസിൽ "പ്രകാശത്തിൽ നിന്ന് പ്രകാശവും സത്യദൈവത്തിൽ നിന്ന് സത്യദൈവവും ഭൂമിയിൽ ജനിച്ചവനെങ്കിലും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും എന്നാണ് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞത്. അത് പരിശുദ്ധാത്മാവ് നൽകിയ വെളിപാടാണ്.

5. യോഹ.8:58-ൽ "അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്" എന്നു പറഞ്ഞുകൊണ്ട് ക്രിസ്തു തന്റെ പൂർവ്വാസ്തിത്വം സ്വന്തമായി പ്രഖ്യാപിച്ചിരിക്കുന്നു.

6. യെശ.9:6 "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും".

7. ആദിയിൽ ഉണ്ടായിരുന്ന വചനം ക്രിസ്തുവായി ജഡമെടുത്ത് അവതരിച്ചത് ഞങ്ങൾ കണ്ടു എന്ന് അപ്പൊസ്തലന്മാർ അനേകം തിരുവചനങ്ങളിൽ പറയുന്നു. യോഹ.1:14-ൽ "വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു";

8. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ




ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി" (യോഹ.1:1,2,3).

9. "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരവും സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വസമ്പൂർണ്ണതയും വസിക്കുന്നു" (കൊളോ.1:15,16,20).

10. റോമ.8:29,30 "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു. മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു".

**യേശുക്രിസ്തുവിന്റെ വ്യത്യസ്തനാമങ്ങൾ**

1. വചനം (ലോഗോസ്) (യോഹ.1:1,2)
2. ആദ്യനും അന്ത്യനും (വെളി.1:8, യെഹ.22:13, യെശ.41:4, 44:6)
3. ആരാധനക്ക് യോഗ്യൻ (മത്താ.4:10, വെളി.22:8,9)
4. സ്രഷ്ടാവ് (യോഹ.1:3, എബ്രാ.1:2,3)
5. കർത്താവ് (മത്താ.22:44, അപ്പൊ.2:34,35)
6. ദൈവപുത്രൻ (യോഹ.5:18, യോഹ.10:36, യോഹ.17:23)
7. വീരനാം ദൈവം (യെശ.9:6)
8. നിത്യജീവൻ നൽകുന്നവൻ (യോഹ.17:2, 10:28, 1 യോഹ.5:20)
9. ഉയിർപ്പിക്കുന്നവൻ (ഫിലി.3:21, യോഹ.5:21)
10. ന്യായം വിധിക്കുന്നവൻ (2 തിമൊ.4:11, യോഹ.5:22,27

**യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും മനുഷ്യത്വവും**

1. എല്ലാ സ്വർഗ്ഗീയമഹിമകളും വെടിഞ്ഞ് യേശു മനുഷ്യനായി അവതരിച്ചത് പാപികളായ മനുഷ്യരെ വീണ്ടെടുക്കുവാനായിരുന്നു. യോഹ.1:14, ഗലാ.4:4, റോമ.8:3, എബ്രാ.2:14, ഫിലി.2:6,7 എന്നീ വചനങ്ങളെല്ലാം തെളിയിക്കുന്നത്, യേശു മനുഷ്യന്റെ പാപമോചനത്തിനുവേണ്ടി സ്വയം താഴ്ത്തി ക്രൂശുമരണത്തോളം അനുസരണമുള്ളവനായി തീർന്നു എന്നാണ്. മനുഷ്യന് ഭാവനയിൽ കാണുവാൻ കഴിയുന്നതിനുമപ്പുറമാണ് സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിൽ മനുഷ്യനായി അവതരിച്ചു എന്നത്. 1 തിമൊ.3:16 ഉദ്ധരിക്കാം. "അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു. ദൂതന്മാർക്ക് പ്രത്യക്ഷനായി ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽഎടുക്കപ്പെട്ടു." "സ്ത്രീയുടെ സന്തതി" യായി ക്രിസ്തു ജനിക്കുമെന്ന് ഉല്പ.3:15-ൽ തന്നെയുണ്ടല്ലോ. ഒരിക്കലും അവൻ പുരുഷന്റെ സന്തതിയല്ലെന്നാണ് ആ ദൂതിന്റെ അർത്ഥം. ദൈവാത്മാവിന്റെ സന്തതി.

**യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഒരുമിച്ച് ചേർന്നിരുന്നു (The Hypostatic Union)**

യേശുക്രിസ്തുവിന്റെ ഏക ആളത്വത്തിൽ, ദൈവത്വവും മനുഷ്യത്വവും ഒരുമിച്ച് ചേർന്നിരിക്കുന്നു. മാനുഷികസ്വഭാവവും (പാപമൊഴികെ) ദൈവീകസ്വഭാവവും ഒരുമിച്ച് ചേർന്ന അവസ്ഥയാണിത്. അതായത് സാക്ഷാൽ ദൈവമായ ക്രിസ്തു പുരുഷബന്ധമില്ലാതെ പരിശുദ്ധാത്മാവിനാൽ ജഡമെടുത്ത് കന്യകാമറിയയിലൂടെ സാക്ഷാൽ മനുഷ്യനായി ജനിച്ചു. ദൈവത്വവും മനുഷ്യത്വവും ഒരു ആളത്തത്തിൽ ഒരിയ്ക്കലും വേർപിരിയാനാവാത്തവണ്ണം യോജിച്ചിരുന്നു. യേശുവിന് ദാഹിച്ചപ്പോൾ (യോഹ.4:7) യേശു കരഞ്ഞപ്പോൾ (യോഹ.11:35) യേശു ഉറങ്ങിയപ്പോൾ (മർക്കോ.4:38) യേശു മരിച്ചപ്പോൾ (മർക്കോ.15:25) ഒക്കെയും മനുഷ്യന്റെ അവസ്ഥ തന്നെ. ഉയിർത്തു സ്വർഗ്ഗാരോഹണം ചെയ്ത് പരിശുദ്ധാത്മാവിനെ അയച്ചപ്പോഴും തന്റെ ശിഷ്യന്മാരിൽ നിന്നും അനേകരിൽ നിന്നും ആരാധന സ്വീകരിച്ചപ്പോഴും തോമസ് എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഏറ്റു പറഞ്ഞപ്പോഴും താബോർ മലയിൽ

ശേഷം 22-ാം പേജിൽ

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ.തോമസ്**
Ph:9495787779
**മീനങ്ങാടി**
**ഹൗസ് ഓഫ് ഹോപ്പ്**
**ബസ്സ് സ്റ്റാന്റിന് എതിർവശം**


**കല്ലുപാടി**
സാജൻ ഭവനം വെള്ളി 6 pm to 9 pm
Ph: 9447263310



**പാ.ജോർജ്ജ്കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപ്പള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഹെഗ്ഗള്ളി-കർണ്ണാടക
**പാടിച്ചിറ** വീനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)





Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച്(Opp.പഴയബസ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)

## കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, 2nd floor ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**വടകര**
കോൺവന്റ് റോഡ്
വിജയ ഹോട്ടലിനു മുകളിൽ
ആരാധനയും,പ്രാർത്ഥനയും
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പേരാമ്പ്ര**

സാഗർ ഓഡിറ്റോറിയം,
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)

## തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**തൃശ്ശൂർ**
ചേമ്പർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

## മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**

വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm
(ആരാധന)

## എറണാകുളം ജില്ല



**പാ:സുരേഷ്**
Mob:9388487301




**പാ.ദീപു**
Mob:9745971555



**പാ.ബിനു**
Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്,
മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)




**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)

**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്സാന്റിനു സമീപം).
ഞായർ 10.00 am - 1 pm
(ആരാധന)
**വ്യാഴം:** 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടി.എം. ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8am -10pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm
**പെരുമ്പടപ്പ്** വിൻസന്റ് ഭവനം
ഞായർ 4 pm - 6.30 pm (ആരാധന)



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to1pm (ആരാധന)
ബുധൻ (പ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ. ബിജു**
Ph: 9447116820
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി
ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)
**കായംകുളം** വൈ.എം.സി.എ ഗോൾഡൻ
ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ,
ചിന്നക്കട, റെയിൽവെ
ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)
ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



**പാ.കെ.സി. ദേവസ്യാ(ദാസ്)**
Ph:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
വിജയ കൃഷ്ണ ബിൽഡിംഗ്
OPP.ശ്രീപത്മനാഭ തിയേറ്റർ
QS.റോഡ്

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ
ഓഡിറ്റോറിയം 3.00 pm – 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**
**കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ്**
**കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm),
4-ാം ഞായർ (12.30pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം**, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
**വലിയവിള**, 2-ാംബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
**കരമന**,3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, **പാറോട്ട്കോണം**,4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am-1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

### MAHARASHTRA (Kamothe)



**Pr. Radhakrishnan**
Ph: 8108567210
8419930510

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

### GUJARAT




Mrs. & Mr.
Samachen
(Pastor)
Mob:
09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

### KARNATAKA



Pr. Francis

(MANGALORE dt.)
MOODUBIDRI
Seldhanacompound
Near Forest office
Moodubidri
Ph: 9400784917
9880862932

### CHENNAI



Pr. Tony Cyriac
Ph: 9400502442



Pr. Raju Issac
Ph: 9744756060

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)




Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway
Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA

**Newyork
(Hicksville)
Every Fridays
4pm -7pm
For your PrayerRequest
Ph.: 001 5166432037**

### CANADA



**908-1585
Ernest Ave**

Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Pr.Jiji
Ph:00971503631158

Friday
10 am to 12.30 noon
Praise and Worship

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### BAHRAIN..

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every
Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



Pr. Sojan
Zacharias

Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA


Pr. Sabu Francis
Ph: 00965 97711267



**Friday
9 am to 12 noon**

**Caesar's Travel &
Tourism Basement**

Dr. Viji
Ph:0096566394954



**English worship
(Friday)
6.30 pm to 9 pm**

**Indian
PublicSchool**

### ABBASSIYA




Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965
65929880
**Friday
9 am to 12 noon**

Pr.Tomy Mannoor
Ph:00965
96035928



### MAHBULA

**Saturday
7 pm to 9 pm**




Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA

**Friday 7 Pm to9 PM**

Christian Apologetics

# ക്രിസ്തീയ ന്യായവാദശാസ്ത്രം
Part 4



## ടി.ബി രോഗം സുഖപ്പെട്ടു

എന്റെ പേര് സുനു. വീട്ടുപേര് കുമ്പളയിൽ. ഈ ഫോട്ടോയിൽ കാണുന്ന എന്റെ മകൾ ജോൺസിക്ക് 3 വർഷം മുമ്പ് T.B ആയിരുന്നു. സൂര്യാ ടിവിയിലൂടെ ദേവസ്യാസാർ അടിമാലിയിൽ വരുന്നതറിയുകയും ഞങ്ങൾ അവിടെ പോയി ധ്യാനം കൂടുകയും ചെയ്തു. ദേവസ്യാസാർ ജോൺസിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്റെ മകൾ അത്ഭുതകരമായി സൗഖ്യപ്പെടുകയും ചെയ്തു. രണ്ടു വർഷമായി ഒരു പ്രശ്നവുമില്ല. ഇപ്പോൾ അവൾ 10-ാം ക്ലാസ്സിൽ പഠിക്കുന്നു. മരുന്നില്ലാതെ ദൈവവചനത്താൽ എന്റെ മകൾക്ക് സൗഖ്യം തന്ന യേശുവിന് ഒരായിരം നന്ദിയും സ്തോത്രവും അർപ്പിക്കുന്നു. ദേവസ്യാസാറിനെയും ടീമംഗങ്ങളെയും ദൈവം ധാരാളമായി വളർത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ജോൺസി കുമ്പളയിൽ,ഒഴുവത്തടം**

**Ph: 8156968036**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കേണ്ട വിലാസം:



Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.




15-ാം പേജിൽ നിന്നും തുടർച്ച...

വച്ചു രൂപാന്തരപ്പെട്ടപ്പോഴും ഒക്കെ അവന്റെ ദൈവത്വം തെളിയിക്കപ്പെടുകയും ചെയ്തു. മാത്രമല്ല വിധിയാളനായ യേശു വീണ്ടും വരുവാൻ സമയമടുത്തും വരുന്നു.

**III പരിശുദ്ധാത്മാവ്**

ദൈവം പരമപരിശുദ്ധനാണെന്നിരിക്കെ, ആദാം മുതലിങ്ങോട്ട് സകല മനുഷ്യരും പാപപൈശാചികബന്ധനത്തിലായതുകൊണ്ട് അവരിലേക്ക് തന്നെത്തന്നെ പകരുക ദൈവത്തിന് സാധ്യതയില്ല എന്നു മുൻപെഴുതിയിട്ടുണ്ടല്ലോ. പിതാവ് പുത്രനിൽ സദാ വ്യാപരിക്കുന്നതുകൊണ്ട്. പുത്രനും നമ്മിലേക്ക് പകരപ്പെടുവാൻ കഴിയുമായിരുന്നു, എന്നാൽ പുത്രനാകട്ടെ, ക്രൂശിതമരണം അടക്കമുള്ള പത്ത് അവസ്ഥകളിലൂടെ ദൈവവിശ്വാസം ഏറ്റെടുത്ത് വിശുദ്ധിയെ പ്രാപിക്കുവാൻ തയ്യാറുള്ളവരെ മുഴുവൻ പേരെയും വീണ്ടെടുത്ത്, വീണ്ടുംജനനവും കൊടുത്ത് തന്റെ വചനമനുസരിച്ച് ജീവിക്കുവാനാവശ്യമായ വഴിയാക്കിതന്നെത്തന്നെ മാറ്റിയതുകൊണ്ട് ഇനി ത്രിത്വത്തിന് തന്നെത്തന്നെ ആർക്കും പകർന്നു കൊടുക്കാം.

അങ്ങനെ ദൈവത്തിന് മനുഷ്യരിലേക്ക് തന്നെത്തന്നെ പകർന്നു കൊടുക്കുവാൻ യേശു താനും ഉയിർത്തെഴുന്നേറ്റ് ആത്മാവായിത്തീരുകയോ പിതാവിൽനിന്നും ചോദിച്ചുവാങ്ങി സത്യാത്മാവിനെ അയയ്ക്കുകയോ ചെയ്യണമായിരുന്നു. ഒടുവിൽ പറഞ്ഞതിനെ ന്യായീകരിക്കുന്ന വചനങ്ങൾ കുറിയ്ക്കാം. "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നെഴുതിയിരിക്കുന്നുവല്ലോ. ഒടുക്കത്തെ ആദാം (യേശുക്രിസ്തു) ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മികമല്ല പ്രാകൃതമത്രേ ഒന്നാമത്തേത്; ആത്മികം പിന്നത്തേതിൽ വരുന്നു. ഒന്നാം മുനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുള്ളവൻ രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു; നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ






"പ്രതിമയും ധരിക്കും" (1 കൊറി.15:45-49).

ഒടുക്കത്തെ ആദാമായ യേശുക്രിസ്തു (ഉയിർത്തെഴുന്നേറ്റ്) ആത്മാവായിത്തീർന്ന സ്ഥിതിക്ക് ഇനി ത്രിത്വത്തിന് താനാഗ്രഹിക്കുന്നവരിലേക്ക് എളുപ്പത്തിൽ പ്രവേശിച്ച് തന്നെത്തന്നെ പകർന്നുകൊടുക്കാം. ആത്മാവായ യേശുവിലൂടെ. കതകടച്ചിരുന്ന ശിഷ്യന്മാരുടെ നടുവിലേക്ക് കതകു തുറക്കാതെ ചെന്ന യേശു നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞത് ഉയിർത്തെഴുന്നേറ്റു കഴിഞ്ഞാണ്, ആത്മീയശരീരമായതുകൊണ്ട് മാത്രമാണങ്ങനെ പ്രത്യക്ഷപ്പെടാൻ കഴിഞ്ഞത് (യോഹ.20:19,20).

**ത്രിത്വം ആത്മാവായി സ്വയം പകരുന്നു.**

ക്രിസ്തുവിന്റെ സമ്പൂർണ്ണ യാഥാർത്ഥ്യമാണ് സത്യാത്മാവ്. "അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും" (യോഹ.14:16). "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലതും ഉപദേശിച്ചുതരികയും, ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും, നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ.14:26). "ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹ.15:26).

യോഹ.14:26-ൽ കാര്യസ്ഥനായ പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞത് പിതാവ് പുത്രന്റെ നാമത്തിൽ അയയ്ക്കുന്നവൻ എന്നാണ്. യോഹ.15:26-ൽ പറയുന്നതോ ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്കായി അയയ്ക്കുന്ന പരിശുദ്ധാത്മാവ് എന്നാണ്. ആദ്യ വാചകത്തിൽ പിതാവിന് പ്രാധാന്യം. രണ്ടാം വാചകത്തിൽ പുത്രന് പ്രാധാന്യം. രണ്ടിത്തും പരിശുദ്ധാത്മാവിന് ഒപ്പം പ്രാധാന്യം. മൂന്ന് ആളത്തങ്ങൾക്കും തുല്യ പ്രാധാന്യമാണുള്ളത്. മത്താ.28:19,20-ൽ "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ

## കർത്താവിന്റെ കരസ്പർശം



എന്റെ പേര് എലിയാമ്മ. ഞാൻ നർക്കിലക്കാട് താമസിക്കുന്നു. ഏതാണ്ട് മൂന്നു വർഷം മുമ്പ് എനിക്ക് തൈറോയിഡിന്റെ ഓപ്പറേഷൻ നടത്തിയിരുന്നു. എന്നാൽ ഓപ്പറേഷൻ കഴിഞ്ഞതിനുശേഷം ശരീരം മുഴുവൻ നീരും വേദനയും ആയിരുന്നു. ഞാൻ ഭയങ്കര ബുദ്ധിമുട്ടിലായിരുന്ന സമയത്താണ് പുളിങ്ങോം വചനാശ്രമത്തിൽ ദേവസ്യാ മുല്ലക്കരസാർ 21 ദിന പ്രാർത്ഥനയ്ക്കായി കടന്നുവന്നത്. ആ സമയത്ത് ഞാനും അവിടെപ്പോയി പ്രാർത്ഥനയിൽ പങ്കെടുക്കുകയും 21-ാം ദിവസം സാറിൽ നിന്ന് കൈവെപ്പ് പ്രാർത്ഥന സ്വീകരിക്കുകയും ചെയ്തു. ദൈവം എന്നെ പൂർണ്ണമായും സുഖപ്പെടുത്തി. ഇപ്പോൾ ഏതാണ്ട് രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. എനിക്ക് പൂർണ്ണസൗഖ്യം ലഭിച്ചിരിക്കുന്നു. തൈറോയിഡിന്റെയും ശരീരവേദനയുടെയും നീരിന്റെയും പ്രശ്നങ്ങൾ പൂർണമായി മാറി. എന്റെ കാൽമുട്ടുകളുടെ വേദനയും യേശു എടുത്തുമാറ്റി. എനിക്ക് ഇത്രയും സൗഖ്യം തന്ന യേശുവിന് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. യേശുവെ നന്ദി.

ഏലിയാമ്മ, നർക്കിലക്കാട്, **Ph: 9400115817**




തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.'' ത്രിത്വത്തിന്റെ മൂന്ന് ആളത്തങ്ങൾക്കും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടാണ് മത്തായിയും സ്ഥിരീകരിക്കുന്നത്.

ലൂക്കോ.11-ന്റെ 13-ൽ "സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും.'' പരിശുദ്ധാത്മാവിന്റെ നിറവ് എന്നത് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ അതിമനോഹരമായ ഒരനുഭവമാണ്. അപ്പൊ.2:4-ൽ അവർ പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീർന്നു, എന്നും 4:8-ൽ ''പത്രൊസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി അവരോട് പറയുന്നത്'' എന്നുമാണ്. 4:31-ൽ ''ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി, എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു'' എന്നും നാം കാണുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അജയ്യമായ ആത്മാവാണ് നമ്മിൽ നിറയുന്ന പരിശുദ്ധാത്മാവ്. 2 കൊരി.3:17-ൽ "കർത്താവ് ആത്മാവാകുന്നു" എന്നുണ്ടല്ലോ. ഇവിടെ ആരാണ് കർത്താവ്? യേശുക്രിസ്തു. യേശുക്രിസ്തു ആത്മാവാണ് എന്ന് പറഞ്ഞാൽ ജഡമില്ലാത്ത, അഥവാ, ആത്മാവായവൻ, അഥവാ പരിശുദ്ധാത്മാവായവൻ എന്നാണർത്ഥം. പിതാവിന്റെ ആളത്തവും പുത്രന്റെ ആളത്തവും പരിശുദ്ധാത്മാവിന്റെ ആളത്തവും മുഖേനയാണ് ത്രീയേകദൈവം നമ്മുടെ അന്തരംഗത്തിൽ കടന്നുവരുന്നത്. 1 കൊരി.3:16-ൽ "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ" എന്നും ചോദിക്കുന്നു. 6:19-ൽ "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം.'' 2 കൊരി.6:16-''നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ.''

ഈ മൂന്ന് തിരുവെഴുത്തുകളും പുതിയനിയമ വിശ്വാസത്തിന്റെ നാരായവേരുകൾ ആണ്. പഴയനിയമത്തിലവിടവിടായും പുതിയനിയമത്തിൽ പലയിടങ്ങളിലും നാം വായിച്ചു പഠിക്കുകയാണ് നാം ദൈവത്തിന്റെ ആലയമാണെന്ന്. അല്ലാതെ നാം വീടു പണിയുന്നതുപോലെ ദൈവത്തിന് വസിക്കുവാനും, മനുഷ്യർക്കൊത്തിരിപേർക്ക് ആ ആലയത്തിൽ വന്ന് സങ്കല്പദൈവത്തെ ആരാധിക്കുവാനുമുള്ള ഒരു ദേവാലയ നിർമ്മാണമല്ല പുതിയനിയമം അനുസരിച്ച് ത്രീയേക ദൈവം ആഗ്രഹിക്കുന്നത്. അവിടെയെത്തുന്ന മനുഷ്യർ, യഥാശക്തി, നേർച്ചകാഴ്ചകളും പണവും കൈനിറയെ കൊടുക്കണമെന്നും തനിക്ക് ലഭിക്കണമെന്നുമല്ല ദൈവം ആഗ്രഹിക്കുന്നത്. വിശുദ്ധനായ തനിക്ക് വസിക്കാൻ (ലേവ്യ.11:44 ''ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിച്ച് വിശുദ്ധരായിരിക്കേണം". 1 പത്രൊ.1:15,16 "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധർ ആയിരിപ്പിൻ'' എന്ന് എഴുതിയിരിക്കുന്നുവല്ലോ) താൻ തന്നെ നിർമ്മിച്ചതും വിശുദ്ധിയോടുകൂടി പരിപാലിക്കുന്നതുമായ ആലയം വേണം. ആ ആലയം വിശുദ്ധി കാത്തുസൂക്ഷിക്കുന്ന നാം ഓരോരുത്തരുമാണ്.

ഈ സത്യങ്ങൾ വേദപുസ്തകത്തിൽ "ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. ഭൂതലത്തിലെങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്ന് മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും ഒക്കെ നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവെച്ച് അവനെ അന്വേഷിക്കേണ്ടതിനു തന്നെ. അവൻ നമ്മിലാർക്കും അകന്നിരിക്കുന്നവനല്ല താനും. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്" (അപ്പൊ.17:24-28).

**യേശുക്രിസ്തുവിനെപ്പറ്റിയുള്ള സുപ്രധാന പ്രവചനങ്ങൾ**

ഉല്പ.3:15 ''ഞാൻ നിനക്കും സ്ത്രീക്കും നിന്റെ

# Christian Apologetics

# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Part 4

സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും.'' ദൈവം തന്നെ യേശുക്രിസ്തുവിനെപ്പറ്റി ഇങ്ങനെ പ്രവചിച്ചു എങ്കിൽ ഇവിടെ ദൈവവും പിശാചും തമ്മിലുള്ള ശത്രുത്വവും ക്രിസ്തുവിലൂടെയുള്ള പിശാചിന്റെ പരാജയവും നാം കണ്ടുമുട്ടുന്നു. മാത്രമല്ല സ്ത്രീ (ഹവ്വ) മുഖാന്തരം ലോകത്തിൽ പാപം രംഗപ്രവേശം ചെയ്തെങ്കിൽ പാപത്തെ പരാജയപ്പെടുത്തുന്നവനായ ക്രിസ്തുവും, സ്ത്രീ മുഖാന്തരം (മറിയം) ജനിക്കും (പുരുഷൻ മുഖാന്തരമല്ല) എന്നതും പ്രവചനം തന്നെ. സ്ത്രീക്കാണ് പ്രാധാന്യമെന്ന വാദം ബാലിശവും, ദൈവാത്മാവിനാൽ ജനിച്ച ക്രിസ്തുവിന്റെ മഹത്വമേറിയ ജീവിതവും മരണവും ഉത്ഥാനവും മുഖാന്തരം നരകപിശാചിന്റെയും, പാപത്തിന്റെയും, മരണത്തിന്റെയും, ശാപങ്ങളുടെയും സകല മുനകളും ഒടിഞ്ഞതാണ് പ്രാധാന്യമെന്നതും പരിശുദ്ധാത്മാവുള്ളവർ ഗ്രഹിക്കണമെന്നത് ഉപദേശങ്ങളിൽ ശ്രേഷ്ഠമെന്നും നാം ഗ്രഹിക്കുന്നു.

ഗലാ.4:4-ൽ "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി, ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്ക് വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ.'' പഴയനിയമത്തിൽ പറഞ്ഞ പ്രവചനങ്ങളുടെ നിവൃത്തി പുതിയനിയമത്തിൽ നിറവേറിയതായി പ്രസ്താവിക്കുന്നതിൽ നിന്നും തിരുവെഴുത്തിന്റെ ദൈവീക വിശ്വസ്തതയിലുള്ള നമ്മുടെ വിശ്വാസം ബലപ്പെടുകയാണ്. മാത്രമല്ല, ഏകഗ്രന്ഥകാരനായ പരിശുദ്ധാത്മാവ് പലരെക്കൊണ്ട് എഴുതിച്ച, മിശ്രിതങ്ങളൊന്നുമില്ലാത്ത, ഒറ്റപ്പുസ്തകമാണ് ബൈബിൾ എന്നതും സ്പഷ്ടമായി വരുന്നു. പരിണാമവാദികളുടെ, പ്രപഞ്ചസൃഷ്ടി അപ്രതീക്ഷിതമായി സംഭവിച്ചതാണെന്ന, വാദവും പൊളിയുകയാണ്. ആകാശവും ഭൂമിയും കടലും ഇവിടെയെല്ലാമുള്ള സകലതും ദൈവം സൃഷ്ടിച്ചതുതന്നെ. ബൈബിളിലെ തിരുവചനങ്ങൾ നൂറ് ശതമാനവും ശരിയാണെന്ന് തെളിയുന്നു. ''ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തിയൊക്കെയും ദൈവം തീർത്ത ശേഷം താൻ ചെയ്ത സകലപ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകലപ്രവൃത്തിയിൽ നിന്നും അന്ന് നിവൃത്തനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു" (ഉല്പ.2:1,2,3).

ഉല്പ.4:9,10-ൽ ''അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദായിൽ നിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോവുകയില്ല.'' യഹൂദാഗോത്രത്തിൽ ദാവീദിന്റെ സന്തതിയായിട്ടാണ് ക്രിസ്തു ജനിക്കേണ്ടതെന്ന പ്രവചനമാണിത്. സംഖ്യയുടെ പുസ്തകം 24:17,18,19 "ഞാൻ അവനെ കാണും, ഇപ്പോൾ അല്ല താനും; ഞാൻ അവനെ ദർശിക്കും, അടുത്തല്ല താനും, യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും; യിസ്രയേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും. അത് മൊവാബിന്റെ പാർശ്വങ്ങളെയെല്ലാം തകർക്കയും ശേത്തിന്റെ പുത്രന്മാരെയെല്ലാം സംഹരിക്കുകയും ചെയ്യും. ഏദോം ഒരു അധീനദേശമാകും; ശത്രുവായ സേയീരും അധീനദേശമാകും; യിസ്രായേലൊ വീര്യം പ്രവർത്തിക്കും. യാക്കോബിൽ നിന്ന് ഒരുത്തൻ ഭരിക്കും; ഒഴിഞ്ഞുപോയവരെ അവൻ നഗരത്തിൽ നിന്ന് നശിപ്പിക്കും." ഈ പ്രവചനം മത്താ.1:1-ൽ യാഥാർത്ഥ്യമാകുന്നത് നമുക്ക് കാണാവുന്നതാണ്.

മാത്രമല്ല ലൂക്കോ.1:31-33 എഴുതിയിട്ട് യെശ.11:1 ഉദ്ധരിക്കാം. "അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടായിരിക്കില്ല" എന്നു പറഞ്ഞു. മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവിക്കും എന്നു പറഞ്ഞു. അതിന് ദൂതൻ: "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും: ആകയാൽ ഉദ്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും". ''എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടിപ്പുറപ്പെടും. അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ്

# Christian Apologetics

# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Part 4

ഫലം കായ്ക്കും. അവന്റെമേൽ യഹോവയുടെ ആത്മാവ് വസിക്കും". യേശുക്രിസ്തുവിൽ സംഭവിച്ചത് യെശയ്യാവ് 11–ൽ പ്രവചിക്കപ്പെടുകയായിരുന്നു 1 മുതലുള്ള വാക്യങ്ങളിൽ.

**ബേത്‌ലെഹേം**

"അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസ്റെത്തു പട്ടണം വിട്ട് യഹൂദ്യയിൽ **ബേത്‌ലെഹേം** എന്ന ദാവീദിൻ പട്ടണത്തിലേക്കു പോയി. അവർ അവിടെ ഇരിക്കുമ്പോൾ അവൾക്ക് പ്രസവത്തിനുള്ള കാലം തികഞ്ഞു. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു. ശീലകൾ ചുറ്റി, വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി" (ലൂക്കോ.2:4–7). ബേത്‌ലഹേം ജനനത്തെ മീഖാ പ്രവാചകൻ 5:2–ൽ പ്രവചിച്ച് വച്ചത് കണ്ടാലും. "നീയോ ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്നുദ്ഭവിച്ചു വരും. അവന്റെ ഉദ്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ."

**ക്രിസ്തുവിന്റെ ആഗമനസമയം:**

ദാനിയേൽ പ്രവചനം 9:24 മുതൽ 27 വരെ വാക്യങ്ങൾ "അതിക്രമത്തെ തടസ്സം ചെയ്ത് പാപങ്ങളെ മുദ്രയിടാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ത് നിത്യ നീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്‌വാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ട് നീ അറിഞ്ഞുഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെടുവിക്കുന്നതു മുതൽ അഭിഷിക്തനായോരു പ്രഭു വരെ ഏഴ് ആഴ്ചവട്ടം; അറുപത്തിരണ്ട് ആഴ്ചവട്ടം അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽത്തന്നെ വീണ്ടും പണിയും. 62 ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്ന് വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധം ഉണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്ക് നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ളേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നവന്റെ സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും."

ദാനിയേൽ പ്രവാചകന് ലഭിച്ച ദർശനമാണിവിടെ രേഖപ്പെടുത്തിയത്. ഷാബുവ (ആഴ്ചവട്ടം) എന്ന എബ്രായപദത്തിന് ഏഴുകൾ എന്നാണർത്ഥമെന്ന് വേദപണ്ഡിതന്മാർ പറയുന്നു. ഈ അർത്ഥം സ്വീകാര്യമാണ്. അപ്പോൾ എഴുപത് ആഴ്ചവട്ടം എന്നത് 70 X 7 = 490 വർഷം എന്നാണ് അർത്ഥം. വെളി.11:3–ലും 13:5–ലും 1260 ദിവസമെന്നും 42 മാസമെന്നും പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. 490 വർഷവും 360 ദിവസങ്ങൾ വീതമാണ് എന്ന് 42 മാസ പ്രയോഗത്തിൽ നിന്നും 1260 ദിവസ പ്രയോഗത്തിൽ നിന്നും മനസ്സിലാക്കാം.

രണ്ട് പ്രഭുക്കന്മാരെപ്പറ്റി പറയുന്നതിൽ രണ്ടാമത്തേത് നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ്. ആദ്യത്തേത് സെരുബ്ബാബേലാണെന്ന് കരുതപ്പെടുന്നു. ആദ്യത്തെ ആഴ്ചവട്ടമായ 49 വർഷം BC 445–ൽ യെരുശലേം പുതുക്കിപണിയുന്നതിനെടുത്ത കാലയളവാണ് 62 ആഴ്ചവട്ടം അഥവാ 434 വർഷം AD 32 ആണ്. യേശുക്രിസ്തു എന്ന അഭിഷിക്തൻ ക്രൂശിക്കപ്പെട്ടുവല്ലോ അപ്പോൾ. ഇനി അവശേഷിക്കുന്ന ഒരു ആഴ്ചവട്ടം മഹാപീഢനകാലമായ, അന്തിക്രിസ്തുവിന്റെ ഭരണകാലമായ വരാനിരിക്കുന്ന യുഗവും ആണ്. ആ ഏഴ് വർഷം കഴിയുമ്പോൾ ഒലിവുമലയിലേക്ക് തന്റെ മണവാട്ടിയുമായി യേശുക്രിസ്തു തന്റെ രണ്ടാമത്തെ ആഗമനത്തിന്റെ അവസാനത്തെ ഭാഗം പൂർത്തീകരിക്കാൻ വന്ന് മഹത്വപ്രത്യക്ഷത നടത്തും. 69–ാം ആഴ്ചവട്ടം കഴിഞ്ഞ്

കുറച്ചധികം കാലം കഴിഞ്ഞായിരിക്കും 70-ാം ആഴ്ചവട്ടം. ഇത് സഭാകാലം സംഭവിക്കാനാണ്. ഇപ്പോൾ സഭാകാലം ആണല്ലോ. എല്ലാവർക്കും മാനസാന്തരപ്പെടാനും ബൈബിളിലെ ക്രിസ്തുവിലേക്ക് വരുവാനും തക്കവണ്ണം ടിവി, റേഡിയോ, നെറ്റ്, ബുക്കുകൾ, മാസികകൾ, ഓഡിയോ-വീഡിയോ കാസറ്റുകൾ, ബൈബിൾ പ്രസംഗകർ, പ്രാർത്ഥിക്കുന്ന ജനക്കൂട്ടവും, പാസ്റ്റർമാരുടെ മഹത്വമേറിയ ശുശ്രൂഷകൾ എന്നിവ വഴിയെല്ലാം അനേകമനേകം അവസരങ്ങൾ ദൈവം കൃപയാൽ നൽകിക്കൊണ്ടിരിക്കുകയുമാണ്. 27-ാം വാക്യത്തിൽ 'അവൻ' എന്ന് പറഞ്ഞിരിക്കുന്നത് അന്തിക്രിസ്തുവെന്ന എതിർക്രിസ്തുവിനെയാണ്. യഹൂദരുമായി അയാൾ ചെയ്യുന്ന ഉടമ്പടി അയാൾതന്നെ 3 1/2 വർഷമാകുമ്പോൾ തെറ്റിക്കുകയും യെരുശലേം ദേവാലയത്തിൽ ശൂന്യമാക്കുന്ന മ്ലേച്ഛതയെ അവൻ പ്രദർശിപ്പിക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കാം. എതിർക്രിസ്തു സ്ഥാപിക്കുന്ന ബിംബത്തെ ആരാധിക്കാത്തവരെ അവൻ നിഷ്ക്കരുണം വധിക്കുക തന്നെ ചെയ്യും. AD 70-ൽ യിസ്രായേൽ ചിതറിക്കപ്പെട്ടത് അതിന്റെ ഒരു നിഴൽ സംഭവമാണെന്ന് കരുതാം. NIV study ബൈബിളിൽ നിന്നും ചില കാര്യങ്ങൾ ഉദ്ധരിക്കാം. 9:24 Probably seven year periods of time making a total of 490 years. 9:25-27 The time between the decree authorizing the rebuilding of Jerusalem (v.25) and the coming of the Messiah ("the anointed one") was to be 69 (7+62) "sevens" or 483 years.(see EZR.7:11). The 'seven' "sevens" may refer to the period of the complete restoration of Jerusalem and the sixty two sevens to the period between that restrotion and the Messiah's coming to Israel......(Titus in AD 70). Therefore, while many hold, that the 70th "seven" was fulfilled during Christ's earthly ministry and the years immediately following, others conclude that ther is an inderterminate interval between the 69th and the 70th "seven" - a period of 'war' and desolations (v.26). According to this later opinion, in the 70th seven the little horn or beast (the antichrist) of yhe last days."

**ക്രിസ്തുവിന് ഒരു മുന്നോടി.**

യെശ.40:3-ലാണ് ആ പ്രവചനം: "കേട്ടോ ഒരുത്തൻ വിളിച്ചു പറഞ്ഞത്: മരുഭൂമിയിൽ യഹോവയ്ക്ക് വഴിയൊരുക്കുവിൻ; നിർജ്ജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ; എല്ലാ താഴ്വരയും നികന്നും എല്ലാ മലയും കുന്നും താണും വരേണം". മത്താ.3:3-ൽ ''മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെവാക്കാവിത്; കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ."

**ക്രിസ്തു നിത്യപിതാവു തന്നെയാണ്**

"നമുക്ക്ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിനും വർദ്ധനക്കും സമാധാനത്തിനും അവസാനം ഉണ്ടാവുകയില്ല. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിനും ഇന്നു മുതൽ



LOVE
SUPPORT US
To Help us (only in india)
ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

എന്നന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടുംകൂടെ സ്ഥാപിച്ച് നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെനിവർത്തിക്കും. യോഹ.1:14-ൽ ''വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."

**യേശു മിസ്രയീമിൽ**

ഹോശ.11:1-ൽ "യിസ്രയേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. മിസ്രയീമിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

**കഷ്ടാനുഭവങ്ങളും കഴുതക്കുട്ടിമേൽ യാത്ര ചെയ്യുന്നതും**

യെശയ്യാപ്രവാചകൻ 53-ാം അദ്ധ്യായത്തിലെ പ്രധാനപ്രതിപാദ്യ വിഷയം തന്നെ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ ആണ്. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകൾ അവൻ ചുമന്നു. നാമോ, ദൈവമവനെ ശിക്ഷിച്ചും ദണ്ഡിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. നമ്മുടെ അകൃത്യങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു.........എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി, വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ ഇരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതെയിരുന്നു. അവൻ പീഢനത്താലും ശിക്ഷാവിധിയിലും എടുക്കപ്പെട്ടു'' (4-7). 22-ാം സങ്കീർത്തനവും ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ തനിമയുള്ള വചനഭാഗമാണ്. സെഖറിയാ പ്രവാചകൻ 9:9-ൽ പറയുന്നതാകട്ടെ കഴുതക്കുട്ടിമേൽ ഉള്ള യാത്രയെപ്പറ്റിയാണ്. ''സീയോൻ പുത്രിയെ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക; ജറുസലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും, പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു". മത്താ.21:4-ൽ "സീയോൻ പുത്രിയോട് ഇതാ നിന്റെ രാജാവ്: ഇതാ, നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ" (മർക്കോ.11.1-10).

**അവന്റെ അസ്ഥികൾ ഒന്നും ഒടിഞ്ഞില്ല**

സങ്കീ.34:20 ''അവന്റെ അസ്ഥികളെയെല്ലാം അവൻ സൂക്ഷിക്കുന്നു" എന്ന സങ്കീർത്തന വചനം പ്രവചനമാകയാൽ യോഹ.19:33-ൽ "അവർ യേശുവിന്റെ അടുക്കൽ വന്ന് അവൻ മരിച്ചുപോയി എന്നു കാണുകയാൽ അവന്റെ കാൽ ഒടിച്ചില്ല" എന്നു നാം വായിക്കുന്നു. പുറ.12:46-ൽ ഈ വചനത്തിന്റെ നിഴൽസംഭവവും ഉണ്ട്: "അരുത് അത് വീട്ടിൽ വച്ചു തന്നെ തിന്നേണം. ആ മാംസം ഒട്ടും വീട്ടിനു പുറത്തു കൊണ്ടുപോകരുത്, അതിൽ ഒരസ്ഥിയും ഒടിക്കരുത്".

**വസ്ത്രം ചീട്ടിട്ടെടുത്തതും ഉയിർത്തെഴുന്നേൽപ്പും**

"എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായ് ചീട്ടിട്ടു'' എന്ന സങ്കീർത്തനം 22:18 യാഥാർത്ഥ്യമായത് മത്താ.27:35 രേഖപ്പെടുത്തിയിരിക്കുന്നു. "അവനെ ക്രൂശിൽ തറച്ചശേഷം അവർ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു.'' ''നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ സമ്മതിക്കുകയുമില്ല'' (സങ്കീ.16:10) എന്ന സങ്കീർത്തനവചനത്തിന് പുതിയനിയമത്തിലെ ക്രിസ്തുവിനെ ദ്രവത്വം കാണാതെ ഉയിർപ്പിച്ച കാര്യം സാക്ഷ്യമായി വരുന്നു.

**ദൈവം ആത്മാവല്ലേ? (യോഹ.4:24) ക്രിസ്തുവിന് അസ്ഥിയും മാംസവും ഉണ്ടായിരുന്നല്ലോ (ലൂക്കോ.24:39) അതെങ്ങനെ?**

ദൈവമായ ക്രിസ്തു ആത്മാവാണ്. മനുഷ്യനായ ക്രിസ്തുവിന് അസ്ഥിയും മാംസവും ഉണ്ടുതാനും. ഇവിടെ അദൃശ്യനായ ദൈവം ദൃശ്യവാനാകുന്നതിന് അസ്ഥിയും മാംസവും ഉള്ളവനായിത്തന്നെ പരിണമിച്ചേ മതിയാകൂ. ദൈവമായിരിക്കെ മനുഷ്യനുമാവുക എന്ന ഇരട്ട വ്യക്തിത്വമാണ് ക്രിസ്തുവിനുണ്ടായിരുന്നത്. മനുഷ്യനായ യേശുക്രിസ്തുവെന്ന് ദൈവമായ യേശുക്രിസ്തുവിനെ 1 തിമൊ.2:5-ൽ വിളിച്ചിരിക്കുന്നു. അതുപോലെ മനുഷ്യനെങ്കിലും ദൈവമായതുകൊണ്ട് 1 തിമൊ.3:16-ൽ "ദൈവം ജഡത്തിൽ വെളിപ്പെട്ടു" എന്നും എഴുതിയിരിക്കുന്നു.

**ക്രിസ്തു ദൈവമെങ്കിൽ എന്തിനാണ് ദൈവത്തെ ക്രിസ്തു പിതാവെന്ന് വിളിക്കുന്നത്? ദൈവം മനുഷ്യനല്ലെന്നും മനുഷ്യൻ ദൈവമല്ലെന്നും ബൈബിൾതന്നെ പഠിപ്പിക്കുന്നുണ്ടല്ലോ? ഇതു രണ്ടും എങ്ങനെ ശരിയാകുന്നത്? ദൈവത്തിന് ആരംഭമില്ലല്ലോ. ക്രിസ്തുവിന് ആരംഭമുണ്ടല്ലോ? അപ്പോ, അതെങ്ങനെയാ ശരിയാവുക?**

മത്താ.6:9-ലും അനേകമിടങ്ങളിലും പിതാവിനെ യേശുക്രിസ്തു പിതാവെന്ന് വിളിച്ചിട്ടുണ്ട്. എബ്രാ.1:8-ൽ പിതാവായ ദൈവം യേശുവിനെ പിതാവെന്ന് വിളിച്ചിരിക്കുന്നു. യെശ.9:6-ലും യേശുവിനെ നിത്യപിതാവ് എന്ന് സംബോധന



# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 4

ചെയ്തിരിക്കുന്നു. അങ്ങനെ പിതാവ് പുത്രനെ ദൈവമെന്നോ പിതാവെന്നോ വിളിച്ചതുകൊണ്ട് പിതാവിന്റെ മാറ്റൊട്ടും കുറയുകയല്ല ചെയ്തത്. അത് ദൈവീക വ്യവസ്ഥയാണെന്ന് നമുക്ക് തിരിച്ചറിവുണ്ടാവുകയാണ് വേണ്ടത്. ഹോശേയ 11:9-ൽ ദൈവം മനുഷ്യനല്ലെന്നും യെഹെ.28:2-ൽ മനുഷ്യൻ ദൈവമല്ലെന്നും പറഞ്ഞിരിക്കുന്നു എന്നത് ശരിയാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്നത് (യിര.32:17)നാം ഏതൊരു സന്ദർഭത്തിലും വ്യവച്ഛേദിച്ചറിഞ്ഞിരുന്നാൽ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമാകും. ഹോശേയ ഒരിക്കലും പറയുന്നില്ല, ദൈവത്തിന് മാംസരക്തങ്ങളുള്ള ശരീരം പ്രാപിക്കുവാൻ കഴിയുകയില്ല എന്ന്. ജഡത്തിൽ വെളിപ്പെടുവാൻ കഴിയുന്ന ദൈവമാണ് അവിടുന്ന്. ദൈവസൃഷ്ടിയുടെ ആരംഭത്തിലെ സാക്ഷി എന്ന് വെളി.3:14-ലും അവനെ കൂടാതെ യാതൊന്നും ഉണ്ടായിട്ടില്ല എന്ന് യോഹ.1:3-ലും നാം കാണുന്നു. യോഹ.8:56-59-ൽ അബ്രഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ട് എന്ന് നാം കാണുമ്പോൾ നാം മനസ്സിലാക്കേണ്ടത് യേശുവായി ജനിക്കുന്നതിനു മുമ്പ്, അനാദിയിലേ ത്രിത്വത്തിൽ പിതാവോടൊത്ത് ക്രിസ്തുവും ഉണ്ടായിരുന്നവനാണ് എന്നാണ്. സമയം സമാഗതമായപ്പോൾ (ഗലാ.4:4) യഹോവയായ ദൈവം മാനവവംശത്തിന്റെ പാപമോചനത്തിന് മുൻ പ്രവചനപ്രകാരം മനുഷ്യപുത്രനായി വന്ന് ക്രൂശിക്കപ്പെട്ട് പാപവിമോചന സാധ്യതയുണ്ടാക്കിയിട്ട് തിരിച്ച് ആത്മാവായി (1 കൊരി.15:45, ഫിലി.2:6,7,8) സ്വർഗ്ഗത്തിൽ വസിക്കുന്നുമുണ്ട്, വീണ്ടും അവൻ വരികയും ചെയ്യും.

**1 കൊരി.11:13-ൽ ദൈവത്തെ ക്രിസ്തുവിന്റെ തലയായിട്ടാണല്ലോ അപ്പൊസ്തലനായ പൗലൊസ് പഠിപ്പിച്ചിരിക്കുന്നത്, അപ്പോൾ ക്രിസ്തുവിനേക്കാൾ എത്രയോ പ്രാധാന്യം പിതാവിനുണ്ടെന്ന് ധരിച്ച് ക്രിസ്തുവിന്റെ പുത്രത്വത്തിൽ ഒതുങ്ങുകയല്ലേ വേണ്ടത്?**

പിതാവും പുത്രനും പരിശുദ്ധാത്മാവും ആളത്തത്തിലും സാരാംശത്തിലും തുല്യരാണ്. പിതാവ് സർവ്വത്തിന്റെയും സ്രോതസ്സും പുത്രൻ എല്ലാറ്റിന്റെയും ആവിഷ്ക്കാരവും പരിശുദ്ധാത്മാവ് സകലത്തിന്റെയും വിതരണക്കാരനുമാണ്. എങ്കിലും അവർ കൃപയാൽ ഒന്നും ആണ്. ഞാനും പിതാവും ഒന്നാണെന്ന് യോഹ.10:30-ൽ പറഞ്ഞിരിക്കുന്നു. ഒരു കമ്മറ്റിയുടെ പ്രസിഡന്റ് പുറത്തുനിന്നും കൊണ്ടുവരപ്പെട്ട വ്യക്തിയല്ല. ആ ടീമിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന ആളാണ്. ഭരണപരമായ വ്യവസ്ഥക്കൊരാളെ അങ്ങനെ പദവി നൽകുന്നുവെന്നേയുള്ളു. 1 കൊരി.11:3-ൽ ദൈവത്തെ ക്രിസ്തുവിന്റെ തലയാക്കി വെച്ചുവെങ്കിൽ സഭയുടെ ശിരസ്സായും പുരുഷന്റെ ശിരസ്സായും ക്രിസ്തുവിനെയും വെച്ചിട്ടുണ്ടല്ലോ. 1 കൊരി.12:5,6 വാക്യങ്ങൾ ശ്രദ്ധവെച്ച് വായിച്ചാൽ ചോദ്യത്തിലടങ്ങിയ ഉത്തരം കണ്ടുമുട്ടുവാൻ കഴിയും. "കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ."

**അവൻ ജഡത്തിൽ വെളിപ്പെട്ടില്ലേ? ക്രിസ്തുവിനെ മനുഷ്യൻ എന്ന് വിളിച്ചിട്ടില്ലേ? നാം ദൈവമക്കളായിരിക്കുന്നതുപോലെ ക്രിസ്തുവും ദൈവത്തിന്റെ മകൻ മാത്രമല്ലേ?**

ത്രിത്വത്തിന്റെ ഭാഗമായ ക്രിസ്തു ജഡാവതാരത്തിലൂടെ അസ്ഥിയും മാംസവുമുള്ളവനായിത്തീർന്നത്, യഹോവയ്ക്ക് മനുഷ്യവിശുദ്ധീകരണം നടത്തുവാൻ വേണ്ടിയാണ്. അഥവാ ക്രിസ്തുവിന്റെ ജഡാവതാരം ദൈവീക വ്യവസ്ഥയായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് (2 യോഹ.7). ലോകസ്ഥാപനത്തിനു മുമ്പെയുള്ള ദൈവവ്യവസ്ഥയാണ് അത്. ദൈവമായ ക്രിസ്തു നിത്യനാണ്, സർവ്വശക്തനുമാണ്. ഒരു വീണ്ടെടുപ്പുകാരൻ വേണം. അതും ദൈവവ്യവസ്ഥയാണ്. ആ വീണ്ടെടുപ്പുകാരനിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും വസിക്കണമായിരുന്നു (കൊലൊ.1:19, 2:9)ക്രിസ്തുവിൽ ഇത് നാം കാണുന്നു ക്രൂശിതമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും വീണ്ടെടുപ്പ് സാധിച്ചു. ഇനി വീണ്ടും വരേണ്ടതുണ്ട്. രാജ്യം പിതാവിനെ ഏല്പിക്കേണ്ടതുണ്ട് (1 കൊരി.15:28). എന്നിട്ട് പിതാവിനോടൊപ്പം ''അറുക്കപ്പെട്ട കുഞ്ഞാടും




"പരിശുദ്ധാത്മാവോടൊത്ത് നിത്യതയിൽ ആരാധനയ്ക്ക് യോഗ്യനായി ഇരിക്കുന്നു" എന്ന് വെളിപ്പാട് പുസ്തകം പഠിപ്പിക്കുന്നു (വെളി.5:5-8). വെളി.5-ന്റെ 6 "ഞാൻ സിംഹാസനത്തിന്റെയും നാല് ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നിൽക്കുന്നത് കണ്ടു." ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് എന്ന് ക്രിസ്തുവിനെപ്പറ്റി വെളി.13:8-ൽ പറയുന്നു.

പിതാവ് ആരെയും ന്യായംവിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു (യോഹ.5:22) വെളി.22:16-ൽ "യേശു എന്ന ഞാൻ സഭകൾക്കുവേണ്ടി നിങ്ങൾ ഇത് സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു. ഞാൻ ദീവിദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു" എന്ന് നാം വായിക്കുന്നുവല്ലോ. ഇവിടെ യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും വെളിപ്പെടുത്തിയിരിക്കുകയാണ്. ഒരേ സമയത്ത് ഒരേ ആളത്വത്തിൽ പരസ്പരം ഇടകലരാതെ ദൈവത്വവും മനുഷ്യത്വപ്രകൃതിയുമായി സ്ഥിതി ചെയ്യുന്നവനാണ് യേശുക്രിസ്തുവെന്ന് ബൈബിൾ നന്നായി പഠിച്ചാൽ പ്രാർത്ഥനയോടുകൂടിയുള്ള ഒരു ആരാധനാ ജീവിതവും ഉണ്ടെങ്കിൽ ആർക്കും മനസ്സിലാകുന്നതാണ്. നാം ദൈവമക്കളാകുന്നത് വീണ്ടുംജനനത്താലാണ് (യോഹ.3:5). വീണ്ടുംജനിക്കാത്തവർ ദൈവമക്കളല്ല. വീണ്ടുംജനിച്ച ദൈവമക്കളേപ്പോലെ അല്ല ക്രിസ്തു ദൈവപുത്രനായത്, ദൈവത്തിന്റെ ഏകജാതനായിട്ടാണ് (യോഹ.3:16). ഫിലി.2:6 അനുസരിച്ച് ഏകജാതനായവൻ പിതാവിനോട് തുല്യനുമാണ്.

**ക്രിസ്തു മരിച്ചല്ലോ. ദൈവമായിരുന്നുവെങ്കിൽ മരിക്കുകയില്ലായിരുന്നല്ലോ?**

മനുഷ്യനെന്ന നിലയിൽ ക്രിസ്തു മരിച്ചെങ്കിലും ദൈവമെന്ന നിലയിൽ ഉയിർത്തെഴുന്നേറ്റു. ദൈവമെന്നനിലയിൽ ക്രിസ്തു മരിച്ചിട്ടില്ല. മരിക്കുവാനൊട്ട് കഴിയുകയുമില്ല. മരണത്തിനേല്പിക്കപ്പെട്ടത് ഭൗമശരീരമാണ്. എബ്രാ.2-ൽ വായിക്കാം. "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരേപ്പോലെ ജഡരക്തങ്ങളോട് കൂടിയവനായി, മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു." "എങ്കിലും ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട്, അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു" (എബ്രാ.2:9). ക്രിസ്തു സ്വമനസ്സാലെ താഴ്ചകൾ ഏറ്റെടുത്തതാണ്. ആരും

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്
(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




ക്രിസ്തുവിനെ താഴ്ച അടിച്ചേൽപ്പിച്ചതല്ല. അത് നമ്മെ നേടുവാനാണ്. അപ്പൊ.2:36-ൽ "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കി വെച്ചു എന്ന് ഇസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" എന്നതിന്റെ അർത്ഥം: ക്രിസ്തു ദൈവമാണ് (ത്രിത്വത്തിലെ മദ്ധ്യത്തിൽ) ഒരു സ്ഥാനക്കയറ്റമെന്ന നിലയിലല്ല കർത്താവാക്കിയത്. അവൻ ക്രിസ്തുവും കർത്താവുമാണ് എന്നുള്ള സത്യം വിളംബരം ചെയ്യുവാൻ ദൈവം അവസരം ഉപയോഗിച്ചു എന്നു മാത്രം.

**എന്റെ പിതാവ് എന്നേക്കാൾ വലിയവൻ എന്ന് ക്രിസ്തു പറഞ്ഞില്ലേ?**

**ഏകസത്യദൈവമെന്ന് പിതാവിനെ ക്രിസ്തു വിളിച്ചില്ലേ?**

**ഞാൻ ദൈവത്തിന്റെ അടുത്തേക്ക് പോകുന്നുവെന്ന് ക്രിസ്തു പറഞ്ഞില്ലേ?**

**ക്രിസ്തുവും ദൈവം എന്നു വന്നാൽ ഒന്നിലധികം ദൈവം ഉണ്ടെന്ന് വരില്ലേ?**

യോഹ.14:28,29-ൽ എന്റെ പിതാവ് എന്നേക്കാൾ വലിയവൻ എന്നു പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ സ്ഥാനം സംബന്ധിച്ച ഒരു കാര്യമാണിത്, ക്രിസ്തുവിന്റെ വ്യക്തിത്വം സംബന്ധിച്ചോ, മനുഷ്യരക്ഷ സംബന്ധിച്ചോ , നമ്മുടെ നിത്യതയോട് ബന്ധപ്പെട്ടതോ ആയ കാര്യമല്ല. പിതാവായ ദൈവത്തിന് മനുഷ്യപുത്രൻ എന്ന നിലയിൽ യേശു എപ്പോഴും കീഴ്പ്പെട്ട് മാത്രമേ ഇരിക്കൂ. ന്യായവിധിയും സഹസ്രാബ്ദഭരണവുമൊക്കെ ഏല്പിച്ചുകൊണ്ട് പിതാവും പുത്രന് (കീഴ്പ്പെട്ടു എന്നു പറയുന്നില്ല) ദൈവീകപദ്ധതിയും, വ്യവസ്ഥയും അനുസരിച്ച്, അംഗീകരിച്ചുകൊണ്ട് മാത്രം പോകുന്ന സംഭവമാണ് ബൈബിളിലെ പുതിയനിയമത്തിൽ നാം കാണുന്നത്. അതുപോലെ യോഹ.20:17-ൽ ഞാൻ എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് പോകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഞാനും പിതാവും ഒന്നാണെന്ന് പറഞ്ഞത് താക്കോൽ വാക്യമാണ് (യോഹ.10:30). യോഹ.17:11-ൽ "പരിശുദ്ധ പിതാവേ അവർ നമ്മേപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമെ എന്നും പറഞ്ഞപ്പോൾ നമ്മേപ്പോലെ എന്ന് എടുത്തുപറഞ്ഞുവല്ലോ. യോഹ.17:21-ലും "നീ എന്നിലും ഞാൻ നിന്നിലുമാകുന്നതുപോലെ" എന്നു നാം വായിച്ചറിയുന്നു. യോഹ.17:22-ൽ "നാം ഒന്നായിരിക്കുന്നതുപോലെ" (പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ) എന്നം രേഖപ്പെടുത്തിയിരിക്കുന്നു. പിതാവും പുത്രനും ഏകദൈവമാണെങ്കിലും രണ്ട് ആളത്തങ്ങളാണ് എന്നതാണ് മൗലീകസത്യം.

യോഹ.17:3-ൽ ഏകസത്യദൈവമെന്ന് പക്ഷേ യേശുക്രിസ്തു പിതാവിനെ പറഞ്ഞിട്ടുണ്ട്. അതുപോലെ 1 കൊരി.8:6-ൽ പിതാവായ ഏകദൈവമേ നമുക്കുള്ളൂ എന്നും എഴുതിയിരിക്കുന്നു. പിതാവും പുത്രനും നിത്യസാരാംശത്തിൽ തുല്യരാണ്. എന്നാൽ പിതാവിന് പിതാവിന്റെ പദവിയുണ്ട്. പുത്രന് പുത്രന്റെ പദവിയുണ്ട്. പിതാവിന് രക്ഷാകരകർമ്മത്തിൽ പിതാവിന്റെ ഉത്തരവാദിത്വമുണ്ട്. പുത്രനും രക്ഷാകരകർമ്മത്തിൽ പുത്രന്റെ ചുമതലയുണ്ട്.






പരിശുദ്ധാത്മാവിനും ഇത്തരം ഉത്തരവാദിത്വങ്ങൾ ഉണ്ടെന്ന് നാം ഓർക്കണം. പിതാവും പുത്രനും പരസ്പരം വേർപെടുത്താനാവാത്ത വിധത്തിൽ ഒന്നുതന്നെയാണ്. മത്താ.11:27-ൽ ഈ ദൈവീകമർമ്മങ്ങളുടെ ഉച്ചസ്ഥായിയെ കർത്താവ് ഇപ്രകാരം ചിത്രീകരിക്കുന്നു. "എന്റെ പിതാവ് സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുക്കുവാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പിതാവിനെയും അറിയുന്നില്ല''; ഈ മർമ്മം ലൂക്കോസ് ആവർത്തിച്ചു വെളിപ്പെടുത്തുന്നു. "എന്റെ പിതാവ് സകലവും എങ്കൽ ഭരമേൽപ്പിച്ചിരിക്കുന്നു. പുത്രൻ ഇന്നവൻ എന്ന് പിതാവല്ലാതെ ആരും അറിയുന്നില്ല. പിതാവ് ഇന്നവനെന്ന് പുത്രനും പുത്രൻ ഇന്നവനെന്ന് വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും അറിയുന്നില്ല." (ലൂക്കോ.10:22). യോഹന്നാൻ അപ്പൊസ്തലൻ ഈ മർമ്മത്തെ ഇങ്ങനെ വെളിപ്പെടുത്തുന്നു. ''എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു" (യോഹ.12:45,46). പിതാവ് പഴയനിയമത്തിലെ യഹോവയാണ് (സങ്കീ.23:1). യേശു പുതിയനിയമത്തിലെ യഹോവ തന്നെയാണ്. ഞാൻ നല്ല ഇടയനാണ് (യോഹ.10:11).

**ക്രിസ്തു ഏകമദ്ധ്യസ്ഥനോ? അപ്പോൾ മറിയവും പുണ്യവാളന്മാരുമോ?**

1 തിമോ.2:5-ൽ "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ. എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" എന്നത് ഒരു താക്കോൽ വാക്യമാണ്. ലൂക്കോ.22:31-ൽ "ശിമോനെ, ശിമോനെ സാത്താൻ നിന്നെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോവാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു". ഈ രണ്ട് വചനങ്ങളിലും യേശു മദ്ധ്യസ്ഥനും മദ്ധ്യസ്ഥപ്രാർത്ഥന ചെയ്യുന്നവനുമാണെന്ന് തെളിയുന്നു. അതുപോലെ എബ്രായ ലേഖനം 9:11,12 വാക്യങ്ങളിൽ ''ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്, കൈപ്പണിയല്ലാത്ത എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി, ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു". എബ്രാ.9:24-ൽ "ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ" എന്ന് നാം കാണുന്നു.

യോഹ.17-ൽ ശിഷ്യന്മാർക്കുവേണ്ടിയും നമുക്കുവേണ്ടിയും, യേശു മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നത് നാം കാണുന്നു. "ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു. ലോകത്തിന് വേണ്ടിയല്ല, നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ട് അവർക്കുവേണ്ടിയത്രേ'' (യോഹ.17:9,10). മാത്രമല്ല എബ്രാ.7:26-ൽ ഒരു മഹാപുരോഹിതൻ അഥവാ യഥാർത്ഥ മദ്ധ്യസ്ഥനുണ്ടായിരിക്കേണ്ട യോഗ്യതകൾ എല്ലാം എഴുതിയിരിക്കുന്നു. ആ യോഗ്യതകൾ എല്ലാം ക്രിസ്തുവിന് മാത്രമേ യോജിക്കുന്നുള്ളു. ''പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേറ്വിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ''. ബൈബിളനുസരിച്ച്, മറിയത്തെയോ മറ്റാരെയുമോ വിശുദ്ധരെന്ന് ബിഷപ്പുമാരോ അതിനേക്കാൾ കൂടിയവരോ പ്രഖ്യാപിച്ചാലൊന്നും വിശുദ്ധരാവുകയില്ല. ദൈവവചനത്തിലുണ്ടെങ്കിലേ അവർക്ക് ആ പദവി കിട്ടുകയുള്ളു. ദൈവവചനമനുസരിച്ച് യേശു മാത്രമാണ് മദ്ധ്യസ്ഥൻ. യേശുവൊഴികെ ആരെങ്കിലും മദ്ധ്യസ്ഥനാണെന്ന് ശതകോടി മനുഷ്യർ വിശ്വസിച്ചാലും പറഞ്ഞാലും അങ്ങനെയാവുകയില്ല. 1950-ൽ അന്നത്തെ മാർപാപ്പായാണ് യേശുവിന്റെ മാതാവ് സ്വർഗ്ഗാരോഹണം ചെയ്തതായി പ്രഖ്യാപിച്ചത്. AD 100-ന് മുമ്പ് മരിച്ച മറിയം അതുവരെ എവിടെയായിരുന്നു? അനേകം സഭാജനക്കൂട്ടം ബൈബിളിലില്ലാത്തത് പ്രഖ്യാപിച്ചത് വിശ്വസിച്ചതും ഒക്കെ സാത്താന്റെ വഞ്ചനയിൽ അവർ അകപ്പെട്ടതാണ്. AD 431-ൽ മറിയത്തെ വണങ്ങുകയോ ആരാധിക്കുകയോ ചെയ്യാൻ തുടങ്ങി. AD 600-ഓടുകൂടി മറിയപ്രാർത്ഥനയ്ക്ക് ആ




സഭാനേതൃത്വം കല്പന കൊടുത്തു. ഇത് രണ്ടും സാത്താന്യ ദുരുപദേശം തന്നെ. AD 995-ൽ, മരിച്ചുപോയവരിൽ സഭാധികാരികൾക്ക് ഇഷ്ടമുള്ളവരെ വിശുദ്ധരാക്കാമെന്ന് സൂനഹദോസ് കൂടി തീരുമാനിച്ചു. അതും പാപകരമായ തീരുമാനമാണ്. AD 1554-ൽ കന്യകാമറിയം അമലോത്ഭവയാണെന്ന് പഠിപ്പിച്ചുതുടങ്ങിയതും വലിയ ദുരുപദേശം തന്നെ. മറിയം നിത്യകന്യകയാണെന്ന പഠനവും ബൈബിൾ വിരുദ്ധവും ദുരുപദേശവും ആണ്.

ഇക്കാര്യങ്ങളൊന്നും ബൈബിളിലില്ല. യേശു അവരേപ്പറ്റി ഇത്തരം വിശുദ്ധരാക്കാമെന്ന് പഠിപ്പിച്ചിട്ടില്ല. അപ്പൊസ്തലന്മാരും അക്കാര്യങ്ങൾ സ്ഥിരീകരിച്ചിട്ടില്ല. ആദിമസഭയിൽ യേശുവല്ലാതെ മദ്ധ്യസ്ഥർ ഇല്ലായിരുന്നു. ഒരു ഉപദേശം ഉപദേശമാകണെങ്കിൽ (Doctrinal teaching) യേശു പഠിപ്പിച്ചതും അപ്പൊസ്തലന്മാർ വിശദീകരിച്ചതും ആകണം. പൊരുളായ പുതിയനിയമസത്യങ്ങൾക്ക് നിഴലായി പഴയനിമയത്തിൽ പാരമർശങ്ങൾ ഉണ്ടായിരിക്കുന്നതും നല്ലതാണ്. ബൈബിളിന്റെ കേന്ദ്ര ആശയത്തോട് യോജിക്കുന്നതും ആയിരിക്കണം. യേശുക്രിസ്തു വഴിയുള്ള രക്ഷയാണ് ബൈബിളിന്റെ കേന്ദ്ര ആശയം. ദൈവത്തിന്റെ പ്ലാനും പദ്ധതിയും ദൈവം കൊടുത്ത കൃപയും അനുസരിച്ച് മാതാവെന്ന മറിയം യേശുവിനെ പരിശുദ്ധാത്മാവിനാൽ ഗർഭാധാനമായി സ്വീകരിച്ചതും പ്രസവം വരെ ജോസഫുമായി ചേരാതിരുന്നതും പ്രസവിച്ച് വളർത്തി വലുതാക്കിയതുമെല്ലാം ദൈവഹിതമായിരുന്നു. എന്നാൽ പ്രസവാനന്തരം ജോസഫുമായി ചേർന്ന് ഏതാനും മക്കൾക്ക് ജന്മം കൊടുത്തകാര്യം (മത്താ.13:55, മർക്കോ.6:2,3, സങ്കീ.69:8) വളച്ചൊടിച്ച് അവർ മറിയത്തിന്റെ മക്കളല്ല എന്ന് ചില സഭകൾ പറഞ്ഞുപരത്തുന്നതൊക്കെ പരിശുദ്ധാത്മാവിനെതിരായ പാപമാണ്. ബൈബിളിലുള്ളത് ഉള്ളതായും ഇല്ലാത്തത് ഇല്ലാത്തതായും പറയുകയും വിശ്വസിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. മരിയാവാൾതോർത്തയുടെ ദർശനഗ്രന്ഥങ്ങളും വേളാങ്കണ്ണിയിലും പോർച്ചുഗല്ലിലും മറിയപ്രത്യക്ഷതകൾ നടന്നുവെന്ന് പ്രചരിപ്പിക്കുന്നതും ഒക്കെ പരിശുദ്ധാത്മാവിനെതിരായ പാപമാണ്. കൊന്ത ചൊല്ലുന്നവർക്കും, ഇത്തരം വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവർക്കും അനുഗ്രഹമാണെന്ന പ്രചാരണവുമൊക്കെ വചനവിരുദ്ധമാണ്, ശാപഗ്രസ്തമാണ്. നൂറ്-ഇരുനൂറ് കോടി മനുഷ്യർ വിശ്വസിച്ചാലും തെറ്റ് എപ്പോഴും തെറ്റാണ്. ദൈവശ്വാസീയഗ്രന്ഥം ബൈബിളാണ്. നൊവേനപുസ്തകങ്ങളും കുർബ്ബാനപുസ്തകങ്ങളും വണക്കമാസപുസ്തകങ്ങളുമെല്ലാം മാനുഷികവും സാത്താന്യവുമാണ്. ബൈബിൾ മാത്രമേ കർത്താവിന്റെ ആത്മാവിന്റേതുള്ളു. അതിൽ പറയാത്ത കാര്യങ്ങൾ ഇക്കൂട്ടർ പറയുന്നു, അതിൽ പറയുന്ന കാര്യങ്ങളെ വളച്ചൊടിച്ച് പറയുന്നു. ജനങ്ങളെക്കൊണ്ട് ഇവയെ വിശ്വസിപ്പിക്കുന്നു, പാവം ജനം, വചനത്താലും ആത്മാവിലും വീണ്ടുംജനനം പ്രാപിക്കാത്തവർ അവയൊക്കെ വെട്ടിവിഴുങ്ങുന്നു. സകല അനുഗ്രഹങ്ങളും ആ പുണ്യവാന്മാരിലൂടെ കിട്ടുന്നുവെന്ന് വരുത്തിത്തീർക്കുകയും അതിനായി അവർ ബദ്ധപ്പെടുകയും ചെയ്യുന്നു. പല പല തീർത്ഥയാത്രകളും അമ്പെഴുന്നള്ളിപ്പിക്കലും, മറിയ വിഗ്രഹത്തെ സാരിയുടുപ്പിക്കലും, പൊങ്കാല സമർപ്പിക്കലും എന്നുവേണ്ട സത്യവിശ്വാസത്തിനെതിരെ വലിയ വലിയ കോലാഹലങ്ങളാണ് ജനകോടികൾ കാട്ടിക്കൂട്ടുന്നത്. യേശുവിന് ഒപ്പമോ അല്പംകൂടി കൂടുതലോ സ്ഥാനം മറിയത്തിന് നൽകി ബിംബാരാധനയിലും പ്രമാണലംഘനത്തിലും അറിഞ്ഞും അറിയാതെയും എത്തിയിരിക്കുന്നവരും അവർക്ക് നേതൃത്വം കൊടുക്കുന്നവരും ഈ വചനം പഠിക്കട്ടെ! "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അത് വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു" (ഗലാ.1:6,7). ജപം ഉണ്ട്; എന്നാൽ ബൈബിളിൽ ജപമാല എന്ന ഒരു വാക്കു പോലുമില്ല.

(നാലു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു വന്ന "ക്രിസ്തീയ ന്യായവാദശാസ്ത്രം" ഇവിടെ അവസാനിച്ചു.)




## ഇൻഡ്യയിൽ ക്രൈസ്തവർക്കെതിരെ വർഗ്ഗീയ പീഡനം

ഇൻഡ്യയിലെ ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചതായി ഫോക്സ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മദ്ധ്യേഷ്യയിലെ സ്ഥിതിക്ക് സമാനമായ പീഡനപരമ്പരകളാണ് അരങ്ങേറുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ മുമ്പെങ്ങും ഇല്ലാത്തവണ്ണം വർഗ്ഗീയ പാർട്ടികളുടെ സാന്നിധ്യം ശക്തമാണ്.

ഇൻഡ്യയിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾക്കെതിരെ പാശ്ചാത്യരാജ്യങ്ങളും പല മനുഷ്യാവകാശ സംഘടനകളും നിരന്തരമായി പ്രതിക്ഷേധം രേഖപ്പെടുത്തിയിട്ടും ഇൻഡ്യയുടെ ഭരണാധികാരികളുടെ ഭാഗത്തുനിന്ന് ഒരു പ്രസ്താവന പോലും ഈ വിഷയത്തിൽ ഉണ്ടാകുന്നില്ല എന്നത് ദു:ഖകരമാണ്.

പ്രധാനമന്ത്രിയുടെ മൗനം പീഡനത്തിനുള്ള രഹസ്യ അനുവാദമാണെന്നാണ് ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേൺ(ICC) പ്രസിഡന്റ് ജെഫ് കിംഗ് ആരോപിക്കുന്നത്.

ഒറീസ്സയിൽ ഒരു സുവിശേഷകനെ കഴുത്തറുത്ത് കൊന്നിട്ട് അധികം ദിവസങ്ങൾ ആയില്ല. ഇങ്ങ് കേരളത്തിൽ പോലും പല സ്ഥലങ്ങളിലും സഭകൾക്കെതിരെയും സുവിശേഷകർക്കെതിരെയും പല തരത്തിലുള്ള പീഡനങ്ങൾ അരങ്ങേറുന്നു.

പ്രാദേശിക പീഡനങ്ങൾ പലപ്പോഴും പുറംലോകം അറിയുന്നില്ല. കാരണം ഒട്ടുമിക്ക പീഡനങ്ങളിലും കേസെടുത്ത് അന്വേഷിക്കാൻ പ്രാദേശിക പോലീസ് തയ്യാറാകുന്നില്ല. അഥവാ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പോലും കാര്യമായ ഒരു അന്വേഷണ പുരോഗതി ഉണ്ടാകുന്നുമില്ല. ചില സന്ദർഭങ്ങളിൽ പീഡനത്തിന്റെ ഇരകളെ വർഗ്ഗീയശക്തികളുടെ ആരോപണത്തിന്റെ ഫലമായി അനാവശ്യമായി ദിവസങ്ങളോളം തടങ്കലിൽ പാർപ്പിക്കാറുമുണ്ട്.

ഓപ്പൺ ഡോർ റിപ്പോർട്ട് പ്രകാരം ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങളിൽ ലോകത്ത് പതിനേഴാം സ്ഥാനമാണ് ഇന്ത്യക്ക്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ക്രൈസ്തവർക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ വലിയ വളർച്ചയാണ് അടുത്ത ചില മാസങ്ങളായി രേഖപ്പെടുത്തുന്നത്.

കടപ്പാട് : disciples news


### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | | |
|---|---|---|
| സെപ്റ്റംബർ | 18 | കൺവൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9961854203. 10 am-3 pm |
| സെപ്റ്റംബർ | 19 | കൊല്ലം. കൺവൻഷൻ. CSI കൺവൻഷൻ സെന്റർ Ph:9847872731, 9946586728 10 am-3 pm |
| സെപ്റ്റംബർ | 21-23 | ഫോർട്ട് കൊച്ചി. ഭവനസന്ദർശനം |
| സെപ്റ്റംബർ | 24 | ഫോർട്ട് കൊച്ചി. കൺവെൻഷൻ Ph:9447055141. 10 am-3 pm |
| സെപ്റ്റംബർ | 26,27 | അങ്കമാലി. ഭവനസന്ദർശനം |
| സെപ്റ്റംബർ | 28 | അങ്കമാലി. കൺവെൻഷൻ Ph:9446688679. 10 am-3 pm |
| സെപ്റ്റംബർ | 29,30 | കാലടി. ഭവനസന്ദർശനം |
| ഒക്ടോബർ | 1 | കാലടി. കൺവെൻഷൻ Ph:8086726173. 10 am-3 pm |
| ഒക്ടോബർ | 2 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. 10 am-3 pm Ph:9388487301, 9745971555, 9947217398 |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും **തിരുവല്ല** കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി. Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ **തിരുവനന്തപുരം,** പാറശ്ശാല കൺവെൻഷൻ Ph:9744569559, 9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും **കോഴിക്കോട്** കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203



ATHMABHISHEKAM MONTHLY
2016 SEPTEMBER
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th SEPTEMBER 2016

# DIVINE FIRE

പ്രാർത്ഥിക്കാൻ വേണ്ടത് അഗ്നിയാണ്. തണുത്തുറഞ്ഞ നമ്മുടെ മനസ്സുകളെ ഉയർത്തുവാൻ മനസ്സിന്റെ എല്ലാ തലങ്ങളിലും അഗ്നിയിറങ്ങണം. ഇത് ദൈവാഗ്നിയാണ്; വന്യാഗ്നിയല്ല (**wild fire**) അഭിഷേകാഗ്നിയാണ്. (**Divine fire**). വന്യാഗ്നി ഒരിക്കലും ക്രിസ്തുവിനെ ഉയർത്തുകയില്ല. മറിയത്തെയോ വിശുദ്ധന്മാരെന്ന് മനുഷ്യനേതൃത്വം ഉയർത്തുന്നവരെയോ ആണുയർത്തുക. വന്യാഗ്നി പ്രോസ്പിരിറ്റിതിയോളജിപോലുള്ള വയെ പ്രോത്സാഹിപ്പിച്ചേക്കും. ഊതിയൂതി ഉന്തിത്തള്ളി വീഴ്ത്തുന്നതിനെയും, വീഴാൻ കൊതിച്ച് അരങ്ങു തകർക്കുന്നവരെയും വന്യാഗ്നി പ്രോത്സാഹിപ്പിക്കും. ക്രിസ്തുവിനെ സ്വീകരിക്കാതെ മരണത്തിലേക്ക് പോകുന്നവർ എത്ര? ശത കോടികൾ! അവർക്കുള്ള മതതീക്ഷ്ണത അവരെ ക്രിസ്തുവിനെ ലഭിച്ചവരാക്കുന്നതിനു പകരം വചനബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെയാണ് ലഭിച്ചവരാക്കുന്നത്. അല്പം വചനബന്ധമൊക്കെ ഉണ്ടെങ്കിൽത്തന്നെ "വ്യാഖ്യാനവരം" ഉപയോഗിച്ചല്ലാതെ കണ്ടെത്തുന്നതാണ്. വേശ്യയ്ക്കും, മദ്യപാനിക്കും, കൊലയാളിക്കും ക്രിസ്തുവിനെ കിട്ടിയേക്കും അവർ ദൈവാഗ്നിയെ പ്രാപിച്ചാൽ. ലോകമെല്ലാം അറിയപ്പെടുന്നവർക്കോ? വമ്പിച്ച ശുശ്രൂഷകർക്കോ? ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹാഗ്നിയുടെ ജ്വാല അവരിൽ ആളിക്കത്തുക എളുപ്പമല്ല. മരുഭൂമിയുടെ മുൾപ്പടർപ്പിലെ ദൈവത്തിന്റെ ഷെഖയ്ന (പുറ.3:2) എന്നഅഗ്നിയും മാളികമുകളിലെ അഗ്നിയും (അപ്പൊ.2:1-4) നിന്നെയും അഗ്നിക്കഷണമാക്കുമ്പോൾ ലക്ഷോപലക്ഷങ്ങൾക്കുവേണ്ടി നീ പ്രാർത്ഥിക്കും, മിഴിനീരൊഴുക്കി.

(1-9-2016 ന് ദേവസ്യാ മുല്ലക്കര സാർ ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്തത്

ഫേസ്ബുക്ക് പേജ് സന്ദർശിക്കുക REV.DEVASIA MULLAKARA )

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).